# നീഹാരം.com





LK/2018/13966

# നീഹാരം.com








ഗവ: ഹൈസ്കൂൾ, തവിടിശ്ശേരി
വായന പക്ഷാചരണ സമാപനവും സ്കൂൾ ഡയറി പ്രകാശനവും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും
2018 ജൂലൈ 5 വ്യാഴം 1.30 മുതൽ
മാന്യരേ,
തവിടിശ്ശേരി ഗവ: ഹൈസ്കൂളിൽ ഈ വർഷത്തെ വായന പക്ഷാചരണ സമാപനം, സ്കൂൾ ഡയറി പ്രകാശനം, വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം എന്നീ പരിപാടികൾ 2018 ജൂലൈ 5 വ്യാഴം 1.30 മുതൽ സ്കൂളിൽവെച്ച് നടത്തപ്പെടുന്നു. മുഴുവൻ രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു.
എന്ന്, പ്രധാനാധ്യാപകൻ
പി. ടി. എ. പ്രസിഡണ്ട്
കാര്യപരിപാടി
പ്രാർത്ഥന :
സ്വാഗതം : ശ്രീ. ടി. എസ്. ഉണ്ണി (പ്രധാനാധ്യാപകൻ)
അദ്ധ്യക്ഷൻ : ശ്രീ. കെ. പി. ദിനേശൻ (പി. ടി. എ. പ്രസിഡണ്ട്)
വായന പക്ഷാചരണ പ്രഭാഷണവും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും: ശ്രീ. ബാലു കണ്ടോത്ത് (പ്രമുഖ നാടക സംവിധായകൻ)
സ്കൂൾ ഡയറി പ്രകാശനം : ശ്രീ. പി. പ്രകാശൻ (വൈസ് പ്രസിഡണ്ട്, പെരിങ്ങോം - വയക്കര ഗ്രാമപഞ്ചായത്ത്)
ഡയറി ഏറ്റുവാങ്ങുന്നത് : മാസ്റ്റർ സഞ്ജീവ്കൃഷ്ണ (ഫ്ളവേഴ്സ് ചാനൽ ഫെയിം)
സമ്മാനദാനം : ശ്രീമതി ടി. പി. ഉഷ
ആശംസ : ശ്രീ. ടി. വി. കൃഷ്ണൻ
ശ്രീമതി സുനിത കൃഷ്ണമണി
ശ്രീ. കെ. സി. സതീശൻ മാസ്റ്റർ
ശ്രീ. വി. കെ. പ്രസന്നകുമാർ
ശ്രീമതി ബീന സി. കെ.
നന്ദി : ശ്രീ. വേണുഗോപാലൻ മാസ്റ്റർ
ബഷീർ സാഹിത്യ കഥാപാത്ര പുനരാവിഷ്കരണം
കവിതാലാപനം
poppins pnr
7510230766








പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
എന്റെ വിദ്യാലയത്തിനായി ഒരു റേഡിയോ നിലയം
തവിടിശ്ശേരി ഗവ: ഹൈസ്കൂളിനായ് 1996-97 ബാച്ച് പൂർവ്വ വിദ്യാർത്ഥികൾ സമർപ്പിക്കുന്ന
റേഡിയോനിലയം ഉദ്ഘാടനം
2018 ആഗസ്ത് 14 ന് ഉച്ചക്ക് 1.30 ന്
ഗവ.ഹൈസ്കൂൾ തവിടിശ്ശേരിയിൽ
96.7
RADio
RAINBOW
ഉദ്ഘാടനം
ശ്രീ.കെ.വി. സുമേഷ്
(ബഹു പ്രസിഡന്റ്, കണ്ണൂർ ജില്ലാ പഞ്ചായത്ത്)
റേഡിയോ നിലയം സ്വിച്ച് ഓൺ കർമ്മം
ശ്രീ.കെ.കെ.രവി
(ബഹു.ജില്ലാ കോ ഓർഡിനേറ്റർ , പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം)
ഏവരേയും സ്വാഗതം ചെയ്യുന്നു



വാക്കുകൾ കൊണ്ടു
ഞാൻ തീർക്കുന്ന വീടിന്റെ
താക്കോൽ നിനക്കേകി
ഞാൻ മറയും

ഞാനതിൻ മുറ്റത്ത്
നട്ടിട്ടുപോകുന്ന
ഭ്രാന്തിനെ
പൂവരുവോളം നീ കാത്തിടേണം

നമ്മുടെ കുഞ്ഞുലോകങ്ങൾ
അതിരുകളെ ഭേദിച്ച്
പുതിയ ആകാശങ്ങളെ
തേടുകയാണ്.
വിലക്കുകളെയും അസ്വാതന്ത്ര്യങ്ങളെയും
പൊട്ടിച്ചെറിയുകയാണ്.
ആശങ്കകളുടെയും വിഹ്വലതകളുടെയും
ഒറ്റയൊറ്റ കാർമേഘങ്ങളെ
ഒരുമയുടെ അഴകും കരുത്തും കൊണ്ട്
നേരിടാം
കലർപ്പില്ലാതെ
സർഗാത്മകത
അതിനുള്ള പാതയൊരുക്കട്ടെ.



**നീഹാരം.com**

ഒരു സൂര്യനിനിയും


കെടാതെയുണ്ടെന്നു ഞാൻ

പടരുന്ന രാത്രിയോടോതി



# നീഹാരം.com

ദാഹിച്ച വിടർന്ന ജീവകലികാ-
ജാലങ്ങളിൽ,കാലമേ
നീ ദർശിച്ച രസാനുഭൂതി പകരു
മൽ പാനപാത്രങ്ങളിൽ



# പത്രാധിപ സമിതി

**പത്രാധിപർ:** ടി.എസ്.ഉണ്ണി

**അംഗങ്ങൾ:**

1- പ്രസന്നകുമാർ.വി.കെ

2-ബീന.സി.കെ

3-വിനീത.കെ.വി

4-വേണുഗോപാലൻ.ടി.എം

5-രജനി.വി.എം

5-ജ്യോത്സ്ന.ആർ

6-അജിൻരാജ്.എം.ആർ

7-പ്രത്യുഷ്.എം.വി

## ലേഔട്ട്, ഫോട്ടോ & പ്രിന്റിംഗ്

ലിറ്റിൽ കൈറ്റ്സ്

ജി.എച്ച്.എസ്.തവിടിശ്ശേരി

# ആശംസകൾ




പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ കേരളത്തിലും ഇന്ത്യയിൽ തന്നെയും നവമാതൃക തീർത്ത് പെരിങ്ങോം-വയക്കര പഞ്ചായത്തിന്റെ അഭിമാനമായി മാറിയ തവിടിശ്ശേരി ഗവ:ഹൈസ്കൂളിലെ **ലിറ്റിൽ കൈറ്റ്സ്** ബാച്ച്-1 ലെ വിദ്യാർഥികൾ തയാറാക്കുന്ന സ്കൂൾ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു

**നീഹാരം.com**

ടി . എസ് . ഉണ്ണി

## മാഗസിൻ കമ്മിറ്റി



















## മുഖമൊഴി

കാപട്യവും
കാലുഷ്യവുമേറുന്ന
പുതിയ ലോകത്തിൽ
മഞ്ഞുതുള്ളിപോലെ
ആർദ്രതയുള്ള
മനസ്സുകൾ വേണം
അവനവനെ
സ്നേഹിക്കുന്നതുപോലെ
അപരനെ സ്നേഹിക്കാൻ
സർഗാത്മകതയുടെ
പുതിയ തുറസ്സുകൾ
നന്മയുള്ള നാളെയെക്കുറിച്ചുള്ള
പ്രതീക്ഷകൾ കൂടി പങ്കുവയ്ക്കുന്നു.
നിദ്രയിലെന്ന് നടിക്കുന്നവർക്കും
നോവേറ്റു തളർന്നവർക്കും
ഉണർവിന്റെ നിഹാരബിന്ദു...




# നീഹാരം.com

## ഉള്ളടക്കം

പത്രാധിപ സമിതി....7
ആശംസകൾ....8
മാഗസിൻ കമ്മിറ്റി....9
മുഖമൊഴി....11
പ്രഭാതം....14
പൂക്കൾ....15
കേരള നവോത്ഥാനവും ആധുനികതയും....16
प्यारा तारा....19
അമ്മുപ്പൂമ്പാറ്റ....19
My puppy....21
Kite....21
ചതിക്കുഴി....22
സുന്ദരിപൂമ്പാറ്റ....23
കുഞ്ഞുമനസ്സ്....24
മണ്ണിന്റെ വേദന....24
അമ്മ....25
സുന്ദരി പൂമ്പാറ്റ....25
കുറുക്കനെ പറ്റിച്ച മുയൽ....27
തെങ്ങിന്റെ ആത്മകഥ....28
സുന്ദരി തത്തമ്മ....28
യാത്രയായി ദൂരേക്ക്....30
സമൂഹത്തിന് ഒരു കത്ത്....32
ROLE OF EDUCATION....33
ഹായ് പൂമ്പാറ്റ....33
അവൾ പെയ്യുകയായിരുന്നു....37
കൂട്ടുകൂടാൻ കൂട്ടുകാരൻ....39
കണ്ണൂരിലേക്ക് ഒരു ഏകദിനയാത്ര....40
My hopeless wish....41
बारिश....42
നേർത്ത ശിലപോലെ....44
JOURNEY OF LIFE....45
ശാസ്ത്രജാലകം....46
ലഡു....47
ജിലേബി....47
ദോശ....47
സ്നേഹിക്കാനൊരു പ്രകൃതി....48

സൗഭാഗ്യത്തിന് മുൻപ്......49
സ്വപ്നം......51
മഴവില്ല്......51
അരിമണിയുടെ ആത്മകഥ......53
ആ നാദം......53
ആര്.....? എന്തിന്.....?......55
മഴക്കാലം......55
True Friends......56
വൃദ്ധരെ സ്നേഹിക്കുക......57
നന്മയുടെ സമ്മാനം......58
മാതൃത്വം......59
തത്സമയ വിവരണം......60
തിരിഞ്ഞുനോട്ടം......61
മൃദുരാഗം......62
प्रकृति हमारा माँ......63
मेरा देश......63
കർണാടകയിലേക്കൊരു തീർഥയാത്ര......64
ഒരു സൈലന്റ് വാലി യാത്ര......66
വായനയേകുന്ന ജീവിത താളത്തിനായ്......67
ജീവിതം ഒരു പ്രാർത്ഥന......68
സമൂഹത്തിന് ഒരു കത്ത്......69



# പ്രഭാതം


സൂര്യൻ ഉദിച്ചു തുടങ്ങി
കാലം വെളുത്തു തുടങ്ങി
മുറ്റത്തെ ചെടികൾ ചിരിച്ചു തുടങ്ങി
അമ്മ ചൂലുമായി മുറ്റത്ത് ഇറങ്ങി
പക്ഷികൾ ചിലക്കാൻ തുടങ്ങി.
മരങ്ങൾ ആടാൻ തുടങ്ങി
എന്ത് സുന്ദരം എന്റെ വീട്
അടുക്കളയിൽ കുക്കർ കൂക്കാൻ തുടങ്ങി
അമ്മ മുറ്റം വൃത്തിയാക്കി
അടുക്കളയിലേക്ക് മന്ദം മന്ദം
അടുക്കളയിൽ അമ്മയുടെ പാചകഗീതം
എന്ത് രമണീയം എന്റെ വീട്

അനുപ്രിയ.കെ.പി
8ാംതരം

# പൂക്കൾ

പൂ പൂ വെള്ളപ്പൂ.
വെള്ള നിറത്തിൽ തുമ്പപ്പൂ
പൂ പൂ നിറത്തിൽ  ജമന്തിപ്പൂ
പൂ പൂ റോസാപ്പൂ.
റോസ് നിറത്തിൽ റോസാപ്പൂ
പൂ പൂ മഞ്ഞപ്പൂ.
മഞ്ഞ നിറത്തിൽ സൂര്യകാന്തിപ്പൂ.
പൂ പൂ ചവപ്പ്പ്പൂ.
ചുവപ്പ് നിറത്തിൽ ചെമ്പരത്തിപ്പൂ
പൂ പൂ വയലറ്റ്പ്പൂ
വയലറ്റ് നിറത്തിൽ കൃഷ്ണപ്പൂ.





# കേരള നവോത്ഥാനവും ആധുനികതയും.

എന്തുകൊണ്ടാണു കേരളത്തിലെ സാമൂഹ്യ പരിഷ്കരണ മുന്നേറ്റങ്ങളെ നവോത്ഥാനം എന്നു വിളിക്കുന്നത്?
..................

യൂറോപ്യൻ സാഹചര്യമെടുത്താൽ മാർട്ടിൻ ലൂഥറെ ആരും നവോത്ഥാന നായകൻ എന്നു വിളിക്കാറില്ല. ലൂഥറുടെ Ninety-five Theses കത്തോലിക്കാ സഭയുടെ അധികാരത്തിനെതിരെയുള്ള കടുത്ത വെല്ലുവിളിയായിരുന്നു. നവീകരണ പ്രസ്ഥാനം പിന്നീട് യൂറോപ്പിനെ മൊത്തത്തിൽ മാറ്റിത്തീർക്കുകയും ചെയ്തു. എന്നാലും ലൂഥർ പരിഷ്കർത്താവാണ്, നവോത്ഥാന നായകനല്ല. കാരണം നവീകരണം നവോത്ഥാനമല്ല.

നവോത്ഥാനം എന്നു പറയുന്നത് കുറേ കൂടി ബൃഹത്തായ സാമൂഹികവും ബൗദ്ധികവുമായ ഉണർവാണ്. ഇന്ത്യൻ സാമൂഹ്യ മുന്നേറ്റങ്ങളെ പൊതുവിൽ നവോത്ഥാനം എന്നാണു വിളിക്കുന്നത്. പക്ഷേ തെക്കെ ഇന്ത്യയിലെ നവീകരണ പ്രസ്ഥാനങ്ങൾ – പ്രത്യേകിച്ചും കേരളത്തിലും തമിഴ്നാട്ടിലും – വടക്കും കിഴക്കും ഉണ്ടായ മുന്നേറ്റങ്ങളേക്കാൾ തീർത്തും വ്യത്യസ്തമായിരുന്നു.

റാം മോഹൻ റോയി, ദേബേന്ദ്രനാഥ ടാഗോർ, കേശുബ് ചന്ദ്ര സെൻ എന്നിവർ ബംഗാളിലും റാനഡെ മഹാരാഷ്ട്രയിലും ദയാനന്ദ സരസ്വതി പഞ്ചാബിലും വിരേസലിംഗം ആന്ധ്രയിലുമൊക്കെ സാമൂഹ്യ പരിഷ്കരണത്തിനു നേതൃത്വം നൽകിയവരാണ്. പക്ഷേ ഈ മുന്നേറ്റങ്ങൾ ഏറിയും കുറഞ്ഞും അപ്പർ ക്ലാസ്, അപ്പർ കാസ്റ്റ് മുന്നേറ്റങ്ങളായിരുന്നു.
കീഴ്ത്തട്ടിൽനിന്ന് ഉയർന്നുവന്ന പരിഷ്കരണ പ്രസ്ഥാനങ്ങൾ

കേരളത്തിലും തമിഴ്നാട്ടിലും പരിഷ്കരണ പ്രസ്ഥാനങ്ങൾ താഴെത്തട്ടിൽ നിന്നാണ് ഉയർന്നു വന്നത്. തന്തൈ പെരിയാറും ഇയോത്തി താസുമൊക്കെയായിരുന്നു തമിഴ്നാട്ടിൽ ഇതിനു നേതൃത്വം നൽകിയതെങ്കിൽ കേരളത്തിൽ അയ്യങ്കാളിയും ഗുരുവും മറ്റുമായിരുന്നല്ലോ ഇതിന്റെ ചാലക ശക്തികൾ. പ്രത്യേകിച്ചും കേരളത്തിൽ സമുദായങ്ങളുടെ മുകൾത്തട്ടിലുള്ള മാറ്റങ്ങൾക്കു പകരം സമൂല സാമൂഹിക മാറ്റങ്ങൾക്കാണ് ഇതു വഴിവച്ചത്. അതുകൊണ്ടാണ് കേരള നവോത്ഥാനത്തിന്റെ മൂലതന്തു ബ്രാഹ്മണിസത്തിനെതിരെയുള്ള ഉയർത്തെഴുന്നേല്പാണ് എന്നു പറയുന്നത്

ഇത് ഒരു നൂറ്റാണ്ടു കാലത്തോളം പരന്നു കിടക്കുന്ന സമരങ്ങളുടെ ചരിത്രമാണ്. ഉദാഹരണത്തിനു, ബംഗാളിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ മോഹൻ റോയിയുടെ നേതൃത്വത്തിൽ സതിക്കെതിരെ പ്രചാരണം നടക്കുമ്പോൾ തന്നെ കേരളത്തിൽ ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കാനുള്ള അവകാശത്തിനു വേണ്ടി പൊരുതുന്നുണ്ട്. ബ്രിട്ടിഷുകാരുടെ ഉത്തരവും കോടതിവിധിയും നേടിയിട്ടും പതിറ്റാണ്ടുകളോളം ചാന്നാർ സ്ത്രീകൾ പൊതുവിടങ്ങളിൽ സവർണരുടെ നിരന്തര അക്രമത്തിനു പാത്രമായെന്നാണു ചരിത്രം.

1859 ലാണു, നാല്പതോളം വർഷങ്ങളുടെ അക്രമങ്ങൾക്കു ശേഷം, ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ ചാന്നാർ സ്ത്രീകൾക്ക് മാറു മറയ്ക്കാം എന്ന് ഉത്തരവിറക്കുന്നത്. (എന്നാൽ അവർ ഉന്നതജാതിയിലെ സ്ത്രീകളുടെ വസ്ത്രങ്ങളെ അനുകരിക്കാൻ പാടില്ലാത്തതാകുന്നു–എന്നൊരു വരി കൂടിയുണ്ടായിരുന്നു രാജാവിന്റെ സർക്കുലറിൽ. ഈ വ്യവസ്ഥ ഗവർണർക്കിഷ്ടമായില്ല, മഹാരാജാവിന് ഈ നിബന്ധനയും പിൻവലിക്കേണ്ടി വന്നു എന്നാണ് ഇതേപ്പറ്റി അയ്യങ്കാളി എഴുതിയത്).

ചാന്നാർ ലഹള കേരളനവോത്ഥാന മുന്നേറ്റങ്ങളുടെ ആരംഭഘട്ടമാണെന്നു പറയാം. ഇതേ സമയത്തു തന്നെയാണു വൈകുണ്ഠസ്വാമി സമത്വ സമാജം രൂപീകരിക്കുന്നത് (കന്യാകുമാരിക്കടുത്ത്). ജാതീയത കൊടികുത്തി വാണിരുന്ന ഒരു സമയത്താണു മനുഷ്യരെല്ലാം സമന്മാരാണെന്ന ബോധം സമത്വ സമാജം പകർന്നു നൽകുന്നത്. കണ്ണാടി വച്ച് അതിൽ നോക്കി വണങ്ങാനാണു സ്വാമി ആളുകളോടാവശ്യപ്പെട്ടത്. ഉയർന്ന ജാതിക്കാരെ പോലെ തലപ്പാവു കെട്ടാനും ആവശ്യപ്പെട്ടു. ഈ മുന്നേറ്റങ്ങളുണ്ടാക്കിയ ബൗദ്ധികവും സാമൂഹ്യവുമായ ഉണർവിനെ പിൻപറ്റിയാണു ഗുരുവും ശിഷ്യരും മുന്നോട്ടു പോകുന്നത്.
മൂന്നു കാര്യങ്ങൾ

ഇവിടെ മൂന്നു കാര്യങ്ങളുണ്ട്. ഒന്ന്, കേരള നവോത്ഥാനം എന്നു പറയുന്നത് അടിസ്ഥാനപരമായി ബ്രാഹ്മിണിക്കൽ അധികാര വ്യവസ്ഥയോടുള്ള (അതിന്റെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ മേൽക്കോയ്മയോടുള്ള) കലാപമായിരുന്നു. അതു പല രീതിയിലാണു സംഘടിക്കപ്പെട്ടത്. ചാന്നാർ ലഹളയായും, സമത്വ സമാജമായും, അയ്യങ്കാളിയുടെ നേതൃത്വത്തിലുള്ള സമരങ്ങളായും, ഗുരു വെട്ടിത്തുറന്ന സാമൂഹിക വെളിച്ചമായും, ആശാനെ പോലുള്ളവർ മുന്നോട്ടു വച്ച ബൗദ്ധിക ഉണർവായുമെല്ലാം. അതുകൊണ്ടു തന്നെ നവബ്രാഹ്മണ്യം അതിന്റെ ആചാരവ്യവസ്ഥയെ, അതിലൂടെ അതിന്റെ മേൽക്കോയ്മയെ പുനഃസ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ, നവോത്ഥാന മൂല്യങ്ങൾ ഉയർത്തി അതിനെ ചെറുക്കുക എന്നത് ചരിത്രപരമായ ഒരു കടമയാണ്. അത്, ഇന്നത്തെ കേരളത്തെ അതിന്റെ തന്നെ ഭൂതകാലം ഓർമിപ്പിക്കലാണ്.

രണ്ട്, നവോത്ഥാന മുന്നേറ്റങ്ങളിൽ നിന്ന് ആധുനികതയെ വേർതിരിക്കാൻ കഴിയില്ല എന്നാണ് എന്റെ പക്ഷം. നമ്മൾ നവോത്ഥാനത്തെ വെറും ജാതി നവീകരണ മുന്നേറ്റങ്ങളായി കാണുമ്പോഴാണ് അത്തരമൊരു വേർത്തിരിക്കലിനു ശ്രമിക്കേണ്ടി വരുന്നത്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിലാണു വൈകുണ്ഠസ്വാമി മനുഷ്യരെല്ലാവരും സമന്മാരാണ് എന്നു പറഞ്ഞ് ഒരു സംഘടന രൂപീകരിക്കുന്നത്. അന്ന് അമേരിക്കയിൽ അടിമത്തം നിർത്തലാക്കിയിട്ടില്ല. പിന്നീട് ഏഴു പതിറ്റാണ്ടു കഴിഞ്ഞിട്ടാണു ബ്രിട്ടണിൽ സ്ത്രീകൾക്കു വോട്ടവകാശം കിട്ടുന്നത്. പക്ഷേ മനുഷ്യർക്കിടയിൽ സമത്വം വേണം എന്ന വാദം അപ്പോഴെ കേരള സാമൂഹ്യ മുന്നേറ്റങ്ങളിൽ മുഴങ്ങിക്കേട്ടിരുന്നു എന്നത് ചെറിയ കാര്യമല്ല.

കൊളോണിയൽ ആധുനികത ഇന്ത്യയിൽ വേരു പിടിക്കാൻ പിന്നേയും സമയമെടുത്തിരിക്കാം. പക്ഷേ കേരള ആധുനികതയുടെ വിത്തുകൾ നവോത്ഥാന മുന്നേറ്റങ്ങളിൽ തന്നെയുണ്ട്. കാരണം അതു വിഭാവനം ചെയ്തത് ഒരു പുതിയ മനുഷ്യനെയാണ്.

ഇങ്ങിനെയൊരു വിശാലമായ ബൗദ്ധികവും സാമൂഹികവുമായ ഉണർവിന്റെ അടിസ്ഥാനത്തിലാണ് ആശാന്റെ സീതയേയും കാണേണ്ടത്. അതൊരു ഒറ്റപ്പെട്ട കാവ്യമല്ല. ആശാൻ ചെയ്തത് അന്നുവരെയുണ്ടായിരുന്ന സീതാസങ്കൽപത്തെ രാമായണത്തിനുള്ളിൽ നിന്നുകൊണ്ടു തന്നെ പൊളിക്കുകയായിരുന്നു
ആശാന്റെ സീത

പാലക്കാട് നടത്തിയ പ്രസംഗം സുനിൽ പി ഇളയിടം അവസാനിപ്പിക്കുന്നത് ആശാന്റെ ചിന്താവിഷ്ടയായ സീതയെ ഉദ്ധരിച്ചു കൊണ്ടാണ്. അതിനോട് വന്ന ഒരു വിമർശനം സീത അഭിമാനി ആണ് എന്ന് പറയുന്നത് 'തള്ളലാ'ണ് എന്നാണ്. അഭിമാനിനിയായ സ്ത്രീയെ കണ്ടെത്തിയവരല്ല നവോത്ഥാന മൂല്യങ്ങളെ കൂടെ കൂട്ടുന്നത് എന്നാണ്. ജീവിതകാലം മുഴുവൻ ദുരിതങ്ങൾ പേറി ജീവിക്കേണ്ടി വന്ന സീത ആശാൻ പറയുന്ന പോലെ അഭിമാനിനി എന്നതിനേക്കാൾ ഗതി കെട്ടവൾ ആയിരുന്നു എന്നാണ്. ആ യാഥാർത്ഥ്യം മനസിലാക്കാതെ 'ആര്യസ്ത്രീകളെ തള്ളിപ്പൊക്കി കള്ളം പറയുക'യാണ് ചെയ്യുന്നത് എന്നും പറയുന്നു.

ഇവിടത്തെ അടിസ്ഥാനപരമായ വ്യത്യാസം വാൽമീകിയുടെ സീതയും ആശാന്റെ സീതയും തമ്മിലാണ്. സുനിൽ പി ഇളയിടം പറയുന്നത് ആശാന്റെ സീതയെ പറ്റിയാണ്. അഭിമാനിനി എന്നത് സീതയെ ആശാൻ വിളിക്കുന്നതാണ്. അത് ആവർത്തിക്കുകയാണ് ഇളയിടം ചെയ്തത്. അതു 'തള്ളൽ' അല്ല. അങ്ങിനെ പറയുന്നത് മോശം പ്രയോഗമാണ്. ചരിത്രനിരാസമാണ്.

ഇനി എന്തുകൊണ്ടാണ് ആശാൻ സീതയെ അഭിമാനിനി എന്നു വിളിക്കുന്നത് എന്നു മനസിലാക്കാൻ 'ചിന്താവിഷ്ടയായ സീത' വായിച്ച് നോക്കിയാൽ മതി. പതിനഞ്ചു വർഷത്തെ ആശ്രമവാസത്തിനു ശേഷം സീത നടത്തുന്ന ആത്മഗതമാണ് കവിത. തന്റെ ഭൂതത്തെക്കുറിച്ചും, ആശ്രമവാസത്തെ കുറിച്ചും, രാമനോടുള്ള അനുരാഗത്തെ കുറിച്ചും, അമർഷത്തെ കുറിച്ചും, താൻ നേരിട്ട അനീതിയെക്കുറിച്ചുമെല്ലാം നടത്തുന്ന ആത്മഗതം. അതുകൊണ്ടാണ് 'ധർമത്തിൽ നിലീനമായ അധർമത്തെ ചൊല്ലി സീതയെക്കൊണ്ട് രാമനെ നിരൂപണം ചെയ്യിക്കലാണ്' ആശാൻ ചിന്താവിഷ്ടയായ സീതയിൽ ചെയ്തത് എന്ന് എംഎൻ വിജയൻ എഴുതിയത്.

സീത ജീവിച്ച യാഥാർഥ്യം മറച്ചുവച്ചുകൊണ്ട് ആര്യപുത്രിയെ 'തള്ളിപ്പൊക്കിക്കൊണ്ട്' നടക്കുന്നില്ല ഇവിടെ പറയുന്ന മാഷന്മാരാരും. മറിച്ച് സീതയുടെ ദുരിത ജീവിതത്തെ, അവർ അനുഭവിച്ച അനീതിയെ അവരെക്കൊണ്ടു തന്നെ പറയിക്കുകയാണ് ആശാൻ ചെയ്യുന്നത്. അതെങ്ങിനെയാണ് ആര്യപുത്രിയെ തള്ളിപ്പൊക്കി നടക്കലാവുന്നത്? മറിച്ച് ത്രേതായുഗത്തിലെ ആര്യധർമത്തെ കടുത്ത വിചാരണയ്ക്ക് സീതയിലൂടെ തന്നെ വിധേയമാക്കുകയാണ് ആശാൻ ചെയ്യുന്നത്. ഇത് വിപ്ലവകരമായ ഇടപെടലാണ്. കവിതയുടെ ആദ്യഭാഗം മുഴുവൻ ഇതുപോലെ അമർഷത്തിൽ ജ്വലിക്കുന്ന സീതയെ ആണ് കാണാൻ കഴിയുക. അതു വാൽമീകിയുടെ സീതയല്ല. കാളിദാസന്റെ സീതയല്ല, എഴുത്തച്ഛന്റെ സീതയല്ല, എന്തിനു മാരാർ നിരൂപണത്തിലൂടെ കണ്ടെടുത്ത സീത പോലുമല്ല. തന്നെ ഉപേക്ഷിച്ച രാമനെ സീത തന്നെ വിചാരണ ചെയ്യുന്നതു നോക്കുക

“അപകീർത്തി ഭയാന്ധനി വിധം<br>
സ്വപരിക്ഷാളന തത്പരൻ നൃപൻ<br>
കൃപണോചിത വൃത്തിമൂലമെ-<br>
ന്നപവാദം ദൃഢമാക്കിയില്ലയോ“

ധർമത്തേ പ്രതിയല്ല, അപകീർത്തി ഭയന്നാണ് രാമൻ തന്നെ പുറത്താക്കുന്നത് എന്നാണ് പറയുന്നത്. രാജവംശത്തിന്റെ കീർത്തിയല്ല. സ്വകീർത്തി. അങ്ങിനെ പുറത്താക്കുന്നതു വഴി തന്റെ മേലുള്ള അപവാദം രാമൻ ദൃഢമാക്കിയെന്നാണ് സീതയുടെ അമർഷം.

"സഹധർമിണിയൊത്തു വാഴുവാൻ/ ഗഹനത്തിൽ സ്ഥലമില്ലീ വേണ്ടപോൽ", എന്നാണ് അവളുടെ പരിഹാസം. രണ്ടാം അഗ്നിപരീക്ഷക്ക് ചിലപ്പോൾ വാൽമീകിയുടെ സീത തയ്യാറായേക്കാം. എന്നാൽ വീണ്ടും വന്നു തിരുമുമ്പിൽ തെളിവേകാൻ താൻ പാവയല്ല എന്നാണ് ആശാന്റെ സീത പറയുന്നത്.

“അരുതെന്തായി! വീണ്ടുമെത്തി ഞാൻ<br>
തിരുമുമ്പിൽ തെളിവേകി ദേവിയായ്<br>
മരുവീടണമെന്നു മന്നവൻ<br>
കരുതുന്നോ? ശരി! പാവയോയിവൾ”

ഈ അമർഷവും, പരിഹാസവും, നീതിബോധവും ഉള്ളതു കൊണ്ടാണ് ആശാന്റെ സീതയെ ത്രേതായുഗത്തിലെ സീതയല്ല, മറിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ സീതയാണ് എന്നു തായാട്ട് ശങ്കരൻ വിളിക്കുന്നത്. അവൾ ഗതികെട്ടവളായിരിക്കാം. കവിതയുടെ രണ്ടാം ഭാഗത്തിൽ സീതയിലൂടെ തന്നെ ആശാൻ രാമനെ നോക്കിക്കാണാൻ ശ്രമിക്കുന്നുണ്ട്. ക്ഷുഭിതയായ താൻ ഭവാനിൽ ഏൽപിച്ച കളങ്കരേഖകൾക്ക് സീത തന്നെ മാപ്പപേക്ഷിക്കുന്നുമുണ്ട്. പക്ഷേ താൻ അനുഭവിച്ച യാതനകൾക്ക് മാപ്പ് നൽകാൻ അവർ തയ്യാറല്ല. വിജയൻ മാഷെ ഉദ്ധരിച്ചു കൊണ്ട് ഇളയിടം തന്നെ പറയുന്നത് ഇങ്ങിനെയാണ്. രാമനെ കണ്ടിട്ട് സീത കണ്ണീരൊഴുക്കിയെന്നല്ല, കല്ലോലമാല ചാർത്തിയെന്നല്ല, കാൽക്കൽ വീണു കരഞ്ഞുന്നല്ല. കണ്ടാൽ പൗരസമക്ഷം അന്നിലയിലി ലോകം വെടിഞ്ഞാൽ. രാമനെ കണ്ടിട്ട് ഭൂമി പിളർന്നവൾ ഇല്ലാതായി. ഈ ഭൂമി ഉപേക്ഷിച്ചു. അഭിമാനിനി.

ശൂദ്രനും നാരിക്കും വേദാധികാരമില്ല എന്നു പറഞ്ഞ മനുവിനുള്ള മറുപടിയാണ് ഈ സീത. അതാണ് ഇളയിടവും പ്രസംഗത്തിൽ പറയുന്നത്. സ്വാതന്ത്ര്യമില്ലാത്ത, വേദാധികാരമില്ലാത്ത (ഏജൻസി ഇല്ലാത്ത) മനുവിന്റെ സ്ത്രീയെ സീതയെ കൊണ്ടു തന്നെ പൊളിക്കുന്ന പ്രവർത്തിയാണ് ആശാൻ 1919 ൽ ചെയ്തത്. ഇന്ന് നവബ്രാഹ്മണ്യം അതിന്റെ ആചാരവ്യവസ്ഥകൾ പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അതിനോടുള്ള കലാപത്തിന്റെ തെളിവായി, അതിനുള്ള ഊർജമായി ആശാന്റെ സീതയെപ്പറ്റി ഇളയിടം പ്രസംഗിക്കുന്നത് തള്ളലോ തള്ളിമറിക്കലോ അല്ല, ഓർമിപ്പിക്കലാണ്. അങ്ങിനെയൊരു സീതയെ കണ്ടെടുക്കുന്നതും, മനുവിന്റെ സ്ത്രീയെ നിരാകരിക്കുന്നതും കൂടി നവോത്ഥാനത്തിന്റെ ഭാഗമാണ്. ക്ഷേത്രം പൊളിച്ചു കളയലല്ലല്ലോ ഗുരു ചെയ്തത്. അവിടെ കണ്ണാടി പ്രതിഷ്ഠ നടത്തുകയല്ലേ.

ബ്രാഹ്മണ്യവിരുദ്ധമായ, ജാതിവിരുദ്ധമായ നവോത്ഥാന പരിസരം

1919 ൽ അതു സാധ്യമായി എന്നതാണ് അതിനെ മൗലികമാക്കുന്നത്. (ഇന്നു ചിലപ്പോൾ പറ്റിയെന്നു വരില്ല). അതിനെ സാധ്യമാക്കിയത് നവോത്ഥാന പരിസരമാണ്. മേല്പറഞ്ഞ, ബ്രാഹ്മണ്യ വിരുദ്ധമായ, ജാതിവിരുദ്ധമായ നവോത്ഥാന പരിസരം. അതിനെ പറ്റിയാണ് സുനിൽ പി ഇളയിടമൊക്കെ സംസാരിക്കുന്നത്. നവോത്ഥാനത്തിൽ നിന്നും സീതയെ മാത്രമെടുത്ത് ആര്യപുത്രിയുടെ പാതിവ്രത്യത്തെ ശാശ്വതീകരിക്കുകയല്ല, തിരിച്ച് എങ്ങിനെയാണ് സീതയെക്കൊണ്ട് തന്നെ കവിക്ക് രാമനെ വിചാരണ ചെയ്യാൻ കഴിഞ്ഞത് എന്നാണ് പറയുന്നത്. നവോത്ഥാനമാണ് ഇവിടെ വിഷയം.

ആശാന്റെ സീത ഒരു ഉപകരണം മാത്രമാണ്, അല്ലാതെ അതിന്റെ കേന്ദ്രമല്ല. പലരും പറയുന്ന പോലെ, സീത മാത്രമല്ല സംസാരിക്കപ്പെടുന്നതും. പഞ്ചമിയെ സ്കൂളിൽ ചേർക്കാൻ കൊണ്ടു പോയ അയ്യങ്കാളി കൂടിയാണ്.

രാജാവിന്റെ കല്പനയുണ്ട്. പക്ഷേ പഞ്ചമിയെ സ്കൂളിൽ ചേർക്കാൻ ആരും തയ്യാറാകുന്നില്ല. ഞങ്ങളുടെ കുട്ടികളെ നിങ്ങൾ പഠിപ്പിച്ചില്ലെങ്കിൽ നിങ്ങൾക്കു വേണ്ടി പണിയെടുക്കാൻ ഞങ്ങളില്ല എന്നാണ് അയ്യങ്കാളി പറഞ്ഞത്. അതാണ് നവോത്ഥാനത്തിന്റെ പാരമ്പര്യം.

മൂന്ന്, ആധുനിക പൂർവമായ മിത്തുകളും ഗ്രന്ഥങ്ങളും വീണ്ടും അപഗ്രഥിക്കാൻ ശ്രമിക്കുന്നത്, പുനരാഖ്യാനങ്ങൾ നൽകാൻ ശ്രമിക്കുന്നത്

**എന്തിനാണെന്നാണ് ചോദ്യം. ഇളയിടം തന്നെ ഒരു അഭിമുഖത്തിൽ പറയുന്നത്, ടെക്സ്റ്റ് പ്രവർത്തിച്ചു കൊണ്ടേയിരിക്കും എന്നാണ്. നമ്മൾ ഇടപെട്ടാലും ഇല്ലെങ്കിലും. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ പുരാണങ്ങളുടെ കാര്യത്തിൽ അതു സത്യമാണു താനും.**

**രാമനെ എടുത്തു മാറ്റി നിർത്തുക എന്നൊക്കെ ആവശ്യപ്പെടാം. രാമൻ ഒരു ദൈവം മാത്രമോ, മിത്ത് മാത്രമോ അല്ല. ഒരു രാഷ്ട്രീയ പ്രതീകം കൂടിയാണ്. അപ്പോൾ എൻഗേജ് ചെയ്യുന്നില്ലെങ്കിൽ രാമനെ പൂർണമായും ആ പേരിൽ രാഷ്ട്രീയം നടത്തുന്നവർക്കു വിട്ടു കൊടുക്കലാണ്. അതുകൊണ്ടു തന്നെ പുരാണങ്ങളുടെ പുനരാഖ്യാനം – നിങ്ങൾ കണ്ടെടുക്കുന്നത് സീതയെയോ താടകയെയോ ശംഭുകനെയോ ആവട്ടെ – ആധുനികമായ രാഷ്ട്രീയ ഇടപെടലാണ്. അതു വിപരീതഫലമാണു ഉണ്ടാക്കുക എന്നൊന്നും എനിക്കു തോന്നുന്നില്ല. ചരിത്രം പറയുന്നത് നേരെ തിരിച്ചാണു താനും.**

**യൂറോപ്പിന്റെ ചരിത്രത്തിൽ തന്നെ എത്ര മാറ്റങ്ങളിലൂടെയാണു യൂറോപ്യൻ ക്രിസ്ത്യാനിറ്റി നവീകരണത്തിനു ശേഷം കടന്നു പോയിട്ടുള്ളത്. ഇന്ത്യൻ സാഹചര്യത്തിൽ പുരാണങ്ങളെ രാമാനന്ദ സാഗർമാർക്കും നാഗ്പൂരികൾക്കും മാത്രമായി വിട്ടുകൊടുക്കണമോ എന്നതാണു ചോദ്യം. മതം ശക്തമായ സാമൂഹിക യാഥാർത്ഥ്യമായി നിലനിൽക്കുന്നിടത്തോളം അതിനെ പൂർണമായും അവഗണിക്കണോ, അതിന്റെ അധികാര ഘടനയെ പുൽകണോ, അതോ അതിൽ പുനരാഖ്യാന സാധ്യതകളെ ചികയണോ എന്ന ചോദ്യത്തിൽ നിന്നെങ്കിലും പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ഒഴിഞ്ഞു നിൽക്കാനാവില്ല. ടെക്സ്റ്റ് പൂർവാധുനികമാവാം. പക്ഷേ നിങ്ങളുടെ വായന ആധുനികമാണോ എന്നാണ് (ആശാന്റെ സീത ഇരുപതാം നൂറ്റാണ്ടിലെ സീതയാണെന്നു പറയും പോലെ. ധർമമല്ല, നീതിയാണ് അവർ തേടുന്നത്).**

**വടക്കേ ഇന്ത്യയിലും കിഴക്കേ ഇന്ത്യയിലും മതനവീകരണക്കാർ വിഗ്രഹാരാധനക്കെതിരെ പ്രചാരണം നടത്തിയപ്പോൾ കണ്ണാടി പ്രതിഷ്ഠ നടത്തുകയാണല്ലോ ഗുരു ചെയ്തത്. ഗുരുവിന്റെ പിൻഗാമികൾ ഒടുവിൽ അദ്ദേഹത്തേയും വിഗ്രഹമാക്കി മാറ്റി. പക്ഷേ അവരിലെ ഏറ്റവും പിന്തിരിപ്പന്മാരായ ആളുകൾക്കു പോലും ഗുരുവിന്റെ നേതൃത്വത്തിൽ തുറന്നിട്ട സാമൂഹ്യമുന്നേറ്റത്തെ പിന്നോട്ടടിക്കാനായില്ല എന്നതാണു ചരിത്രം. ചരിത്രം വാട്ടർ ടൈറ്റ് കമ്പാർട്ട്മെന്റുകളിൽ ജീവിക്കുന്ന ഒരു ജീവിയല്ല. അതു മനുഷ്യർ നിർമിക്കുന്ന, നിരന്തരമായി നിർമിച്ചു കൊണ്ടിരിക്കുന്ന ഒരു സംഗതിയാണ്. അതിനൊരു തുടർച്ചയുണ്ട്. ആ തുടർച്ചയുടെ ചാലകശക്തികളാവേണ്ടത് മനുഷ്യർ തന്നെയാണെന്നു മാത്രം.**

## प्यारा तारा

प्यारा तारा , जगमग तारा
रंग बिरंगा प्यारा तारा।
नीला पीला समुद्र जैसा
बरसा हुआ जगमग तारा।

आसमान का छोटा बच्चा,
हमारा सब सपना तारा,
होना प्यारा होना प्यारा
तुम से मैं होना प्यारा

रात में तुम आ जाना,
सुबह में तुम ओझल होना
प्यारा तारा जगमग तारा,
ये किस तरह के मिचौनी है।
प्यारा तारा, जगमग तारा,
आसमान में आ जाना।

## _അമ്മൂപ്പൂമ്പാറ്റ

അമ്മൂപ്പൂമ്പാറ്റ ചെമ്പരത്തിക്ക് നിറം നൽകി.
വെളുത്ത ചെമ്പരത്തി ചുവന്നു.
ചെമ്പരത്തിക്ക് ചന്തം വന്നു.
അമ്മൂപ്പൂമ്പാറ്റ മറ്റു പൂക്കൾക്കും നിറം നൽകി.
പൂക്കൾക്ക് സന്തോഷമായി.
പൂക്കൾ കാറ്റിലാടി രസിച്ചു.



ശിവാനി ലികേഷ്

# My puppy



*I have a small puppy*

*It is cute and soft*

*It colour is white*

*It has small tail ant small eyes*

*It says bow wow*

*I love my puppy*

*Devangana*

# Kite

I am a kite
I fly so high
I have a long tail
my colours are
Red blue and yellow

Somdev vijayan
standard in 2



# ചതിക്കുഴി

ഇരുട്ടിലാണ്ട ഇടവഴികളിലൂടെ ഞാൻ മുന്നോട്ട് നടന്നപ്പോൾ കണ്ടത് ഒരു പുഴയായിരുന്നു. അത് വെറും പുഴയല്ല. എല്ലാം തുടങ്ങിയത് ആ പുഴയിൽ നിന്നാണ്. ഇന്ന് എല്ലാം അവസാനിക്കുന്നതും ആ പുഴയിൽവച്ചാണ്. അന്ന് ഈ പുഴയുടെ തീരത്തിരിക്കുമ്പോഴാണ് അവർ എന്നെ കണ്ടുമുട്ടിയത്. അവർ എന്നോട് ചോദിച്ചു തെക്കേടത്ത് രാമന്റെ വീട് എവിടാണ്?അത് ഞാനായിരുന്നു. എന്താ കാര്യം തെക്കേടത്ത് രാമൻ ഞാനാണ്.പിന്നെ, നിങ്ങളുടെ ഒരു സഹായം വേണമായിരുന്നു. എന്നെ കോണ്ടു പറ്റുന്ന സഹായമാണെങ്കിൽ ഞാൻ ചെയ്യാം. അത് പോട്ടെ നിങ്ങൾക്ക് എന്തെങ്കിലും സഹായം ആവശ്യമുണ്ടോ? അതായത് പൈസ വല്ലതും. പൈസയായോ? അത്രയും വലിയ തുക നിങ്ങൾക്ക് തരാൻ പറ്റില്ല. നിങ്ങൾ എന്താണ് കാര്യമെന്ന് പറ. ഞാൻ ഒരു തോട്ടം ജോലിക്കാരനാണ്. ഒരു മാസം ശമ്പളം കിട്ടുന്നത് 100 രൂപയാണ്. അമ്മയ്ക്കാണെങ്കിൽ ഒരു വലിയ ഓപ്പറേഷനും വേണം. അത് വേഗം നടത്തണം. അല്ലെങ്കിൽ ആ ഓപ്പറേഷന് 10 ലക്ഷം രൂപയാണ് ചോദിക്കുന്നത്. മരുന്നിന്റെ ചെലവ് വെറേയും. ഇപ്പം കാണിക്കുന്നത് ആരോടെങ്കിലും കടം വാങ്ങിയിട്ടാണ്. ഈ 100 രൂപ കിട്ടുന്ന ഞാൻ എവിടെനിന്ന് 10 ലക്ഷം രൂപകൊടുക്കും. നിനക്ക് 10 ലക്ഷം ഞങ്ങൾ തരാം. നീ നാളെ ആ ജംഗ്ഷനിലേക്ക് വരണം. ഞാനവിടെ പണവുമായി ഉണ്ടാകും. പിറ്റേദിവസം ഞാൻ ജംഗ്ഷനിലേക്ക് പോയി. അവിടെ അയാൾ എന്നേയും കാത്ത് നിൽക്കുന്നുണ്ടായിരുന്നു.ഞാനാപണം വാങ്ങി .ആശുപത്രിയിൽ പോയി പണം അടച്ചു. ഞാൻ വിട്ടിലെത്തി. പെട്ടന്ന് പോലീസ് വന്നു. എന്നെ പിടിച്ചു കൊണ്ടുപോയി. എന്നെ കുറെ അടിച്ചു. ഞാൻ എന്താണെന്ന് ചോദിച്ചു. ഞാൻ ആശുപത്രിയിൽ അടച്ചത് കള്ളപ്പണമായിരുന്നത്രേ. ഞാനെല്ലാം പറഞ്ഞു. എന്നെ ആറ് വർഷം ജയിലിലിട്ടു. അപ്പോഴേക്കും എന്റെ അമ്മ മരിച്ചു. ആറ് വർഷത്തെ തടവ് കഴിഞ്ഞ് ഞാനെത്തി. ഞാൻ എന്റെ വീട്ടിലേക്ക് പോയി. അവിടെ വലിയൊരു കെട്ടിടമായിരുന്നു. അവിടെ കുറേ പേർ ജോലി ചെയ്യുന്നുണ്ടായിരുന്നു. ഞാൻ ഉള്ളിലേക്ക് കയറി. അതിന്റെ മുതലാളി എനിക്ക് കള്ളപ്പണം തന്ന് ചതിച്ചവൻ. ഞാൻ അവനെ ആഞ്ഞ് ചവിട്ടി. അവിടെയുള്ളവർ എന്നെ പിടിച്ച് വെളിയിലേക്ക് തള്ളി. രാത്രിയിൽ എനിക്ക് അവനോട് പകയായി. രാത്രി അവൻ ഉറങ്ങുമ്പോൾ ഞാൻ അവനെ കൊന്നു. എല്ലാം തുടങ്ങിയത് ഈ പുഴയിൽ നിന്നല്ലേ. ഇവിടെ നിന്നുതന്നെ ഞാൻ എല്ലാം അവസാനിപ്പിക്കുന്നു.അവന്റെ പാപക്കറ ആ പുഴയിൽ കഴുകിക്കളഞ്ഞു. ഞാൻ തിരിച്ചു നടന്നു. ഇരുട്ടിലാണ്ട ഇടവഴികളിലൂടെ എവിടേക്കെന്നില്ലാതെ, എങ്ങോട്ടെന്നറിയാതെ ഞാൻ നടന്നു നിങ്ങി...................

മേഘാരാജ്.പി
VII



## സുന്ദരിപൂമ്പാറ്റ



വർണ്ണച്ചിറകുള്ള പൂമ്പാറ്റേ
പാറിപ്പോകുവതെങ്ങോട്ടാ?
പൂന്തേനുണ്ട് രസിക്കാനോ?

ആരുനിനക്കി നിറമേകി
എന്നുടെ സുന്ദരി പൂമ്പാറ്റേ
വർണച്ചിറകുകൾ വീശി വീശി
എങ്ങോട്ടേക്കു നീ പാറിടുന്നു?
നാടിൻ കാഴ്ചകൾ കാണാനേ?
കൂട്ടരൊടൊത്തു കളിക്കാനോ ?

എന്തൊരു അഴകാണ് നിന്നെക്കാണാൻ
മഴവിൽ നിറമുള്ള പൂമ്പാറ്റേ
നിൻവീടെവിടെയാ പൂമ്പാറ്റേ
ഇലഞ്ഞിമരത്തിൻ കൊമ്പത്തോ
പൂമരത്തിൻ കൊമ്പത്തോ
ഏഴഴകുള്ളൊരു പൂമ്പാറ്റേ
നല്ലൊരു ചേലുള്ള പൂമ്പാറ്റേ

ആവണി ജയൻ.വി
3-ാം തരം



# കുഞ്ഞുമനസ്സ്



നൊമ്പരവുമായി വന്ന നീ സ്നേഹിതേ പിന്നെന്തിനിപ്പോൾ
പോയിടുന്നു നീ കുഞ്ഞിനെ ഓർക്കുമീ പോകരുതേ
നീ പോകരുതേ വീണ്ടും ചൊല്ലുന്നു ഞാൻ
പോകരുതേ നീ പോകരുതേ
കുഞ്ഞിന്റെ വാക്കുകൾ കേൾപ്പതില്ലേ നീ കേൾപ്പതില്ലേ
അമ്മേ പോകരുതേ പോകരുതേ എന്നെ വിട്ട് പോകരുതേ
കുഞ്ഞിന്റെ വാക്കുകൾ കേൾപ്പാതെ പോകുന്ന നീ
അമ്മയാണോ ഒരമ്മയാണോ
എന്തിനുവേണ്ടി മുലപ്പാൽ നൽകി നീ
എന്തിനുവേണ്ടി കുഞ്ഞിനെ കൊതിപ്പിച്ചു
എന്തിനുവേണ്ടി കൊതിപ്പിച്ചതെന്തിനാവോ
ഇന്ന് നീ പടിയിറങ്ങിപ്പോകുമെങ്കിൽ
നാളെ നീ ദു:ഖിക്കുമീ കാരണത്താൽ
കുഞ്ഞിന്റെ ഓർമ്മകൾ കൊണ്ടു നീ മെല്ലെ നെഞ്ചുപിളർന്നു മരിച്ചുവീഴും
മരിച്ചുവീഴും...... മരിച്ചുവീഴും.......

അനാമിക.എം.എസ്
ഏഴാം തരം

# മണ്ണിന്റെ വേദന



അമ്മയാകുന്ന മണ്ണിനെ ഇന്നുമനുഷ്യാ
നീ നശിപ്പിക്കുന്നുവോ
ഓർക്കുന്നില്ലേ നീ നിന്റെ പൂർവികർ
എത്ര സ്നേഹിച്ചതാണീ മണ്ണിനെ
മണ്ണിൽ പൊൻകതിർ നട്ടുകൊയ്തെടുത്തവരാണവർ
ഇന്ന് നീ നിന്റെ മഞ്ഞരാക്ഷസനെക്കൊണ്ടാ
മണ്ണിന്റെ നെഞ്ചത്തുകീറുകയല്ലേ
വേദനിക്കുന്നുണ്ടാകും ആ അമ്മയ്ക്ക്
അമ്മയെ കൊല്ലുന്നമനുഷ്യാ
പൊറുക്കുകയില്ലാ ആ പഴയ മണ്ണിന്റെ മക്കൾ

അഞ്ചാം തരം
ശ്രീനന്ദ്.കെ

# അമ്മ

എന്റെ മനസ്സിലെ ദേവതയാണമ്മ
എന്റെ മനസ്സിലെ പാർവ്വതിയാണമ്മ
എന്റെ ഹൃദയത്തിലെ വേദനകൾ മാറ്റി
എന്നമ്മ എന്നുമെൻ കൂടെയുണ്ട്
എന്റെ പ്രശ്നങ്ങൾ അമ്മ പരിഹരിക്കും
എന്റെ സമാധാനത്തുടിപ്പുകൾ വർധിപ്പിക്കും
എന്നമ്മ എന്നുടെ കണ്ണീരു മാറ്റിയും
സ്നേഹം ജ്വലിപ്പിച്ചും സന്തോഷവാനാക്കും
തീരാത്ത സ്നേഹത്തിനുടമയാണെന്നമ്മ
എന്നമ്മ എന്നുടെ ദൈവമാണ്
എന്നമ്മയാണെന്റെ പൊന്നു ദൈവം.

ആര്യ.ടി.പി
8ാം തരം

# സുന്ദരി പൂമ്പാറ്റ - നിരഞ്ജന

പൂമ്പാറ്റേ പൂമ്പാറ്റേ
വർണ്ണചിറകുള്ള പൂമ്പാറ്റേ
പൂഞ്ചിറകുള്ളോരു പൂമ്പാറ്റേ
എവിടേക്കാണീ പോകുന്നേ?
പൂന്തേനുണ്ണാൻ പോരുന്നോ?
എന്റെ കൂടെ പോരുന്നോ?
പൂമ്പാറ്റേ പൂമ്പാറ്റേ
ഏഴഴകുള്ളൊരു പൂമ്പാറ്റേ
പുള്ളിയുടുപ്പുള്ള പൂമ്പാറ്റേ
ഒന്നു തൊടട്ടേ നിൻ ചിറകിൽ
വാർമഴവില്ലിൻ നാട്ടിൽ നിന്നും
വിരുന്നുവന്നവളാണോ നീ



# കുറുക്കനെ പറ്റിച്ച മുയൽ

ഒരു കാട്ടിൽ സൂത്രശാലിയായ ഒരു കുറുക്കനുണ്ടായിരുന്നു. അവൻ എല്ലാ മൃഗങ്ങളെയും ഉപദ്രവിക്കാറുണ്ട്.

ഒരു ദിവസം കുറുക്കൻ കാട്ടിലൂടെ നടക്കുമ്പോഴാണ് ഒരു മുയലിനെ കണ്ടത്. കുറുക്കന് സന്തോഷമായി. അവൻ മുയലിനെ ശാപ്പിടാൻ തീരുമാനിച്ചു.അപ്പോൾ മുയൽ പറഞ്ഞു."നിന്റെ വിശപ്പു മാറണമെങ്കിൽ ഞാനോരു സൂത്രം പറഞ്ഞുതരാം., ദാ ആ കാണുന്ന വീട്ടിൽ ഒരു വലിയ കോഴിക്കൂടുണ്ട്.അതിൽ കുറേ കോഴികളുണ്ട്.അവയെ തിന്നാൽ നിന്റെ വിശപ്പു മാറും." കുറുക്കൻ കോഴിയെ തിന്നാൻ നോക്കുമ്പോൾ ആ വീടിന്റെ ഉടമസ്ഥൻ വന്നു. അയാൾ കുറുക്കനെ കണ്ടു.അയാൾ വലിയൊരു വടിയെടുത്ത് അവനെ തല്ലാ ൻ തുടങ്ങി. കുറുക്കൻ ഉച്ചത്തിൽ കരയാൻ തുടങ്ങി.പിന്നെ ആ കുറുക്കൻ ആ വഴി വന്നതേയില്ല.

അനന്യ.ടി.വി
രണ്ടാം തരം





## തെങ്ങിൻെറ ആത്മകഥ

ഞാൻ തെങ്ങ്.ഞാൻ കേരളത്തിൻെറ ഔദ്യോഗിക വൃക്ഷമാണ്.എന്നെ കേരളത്തിൽ ധാരളമായി കാണാം. എനിക്ക് ചില്ലകളില്ല.ഞാൻ ഉയരത്തിൽ വളരും.എന്റെ എല്ലാഭാഗങ്ങളും ഉപയോഗിക്കുന്നു. എന്റെ തേങ്ങ കറിയിലിടാൻ ഉപയോഗിക്കും.എന്റെ ഇളനീർ ദാഹമകറ്റാനും ക്ഷീണമകറ്റാനും ഉപയോഗിക്കും. എന്റെ ഓലകൊണ്ട് കളിപ്പാട്ടങ്ങളും ചൂലും നിർമ്മിക്കാൻ കഴിയും. എൻെറ തടി വിറകിനായി ഉപയോഗിക്കും. ഞാൻ കുറേ കാലം ജീവിക്കും.

അമേയ രാജേഷ്
2ാം തരം

## സുന്ദരി തത്തമ്മ

പാറിനടക്കും തത്തമ്മേ
നിന്നെക്കാണാൻ എന്തുരസം,
പച്ചയുടുപ്പും ചുവന്നചുണ്ടും
ആരും കണ്ടാൽ മോഹിക്കും
എന്നോടൊന്നു മിണ്ടാമോ?
നിന്റെ പേര് പറയാമോ?
എന്റെ അരികിൽ വരാമോ നീ,
പാലും പഴവും നൽകാം ഞാൻ!

സായിനന്ദന
രണ്ടാംതരം

## യാത്രയായി ദൂരേക്ക്...



യാത്രയായി ദൂരേക്ക്....

പൊഴിയുന്ന ദൂരേക്ക് മറയുന്ന ദൂരേക്ക്...
ഒരു മനം നൊന്തുള്ള ആ പൊൻവെട്ടം
എരിയുന്ന ചോരയായ്
എരിയുന്ന പകയുമായി
എങ്ങോ മറഞ്ഞു ആ പൊൻവെട്ടം

വിരഹദു:ഖത്തിൽ ജ്വലിച്ച ആ വെട്ടം
ഒരു വാക്കു പറയാതെ മാഞ്ഞുപോയി
ഒരു കാത്തിരിപ്പിൻ ഓർമ്മകൾ നൽകാതെ

യാത്രയായി ദൂരേക്ക്...

യാത്രയായി ദൂരേക്ക്...



അനാമിക.കെ.പി
VIII

# സമൂഹത്തിന് ഒരു കത്ത്

അകലെ കിനാവിന്റെ ഉമ്മറത്തിണ്ണമേൽ
ഒരു കൊച്ചനൊമ്പരം പൊട്ടിത്തെറിക്കയായ്
തിരികെട്ടുപോയ വിളക്കിന്റെ മുൻപി-
ലവളറിയാതെ തേങ്ങിക്കരഞ്ഞുപോയ് പലവട്ടം
ഒരുനാൾ വിജന വീഥിയിലൂടവൾ
യൗവനത്തിമിർപ്പിൻ ആടിയുലഞ്ഞപ്പോൾ
കാട്ടാളന്മാർ അവളെ ഇരയാക്കി,
മനം തകർന്നുപോയി കൊച്ച
പെൺതരിയെ യൗവനത്തിമിർപ്പിലേക്ക്
കൊണ്ടുവരാനാകുമോ ഈ സമൂഹത്തിന് ?
മാനവജാതിയിൽ സ്ത്രീകൾക്കേകുമീ
നോവും മുറിവും ഉണക്കീടാനാകുമോ,
സമൂഹത്തിന് ? മരണക്കിടക്കയിൽ
കിടക്കുമാനേരത്ത് ഇപ്പെരും ക്രൂരത-
യോടു പോരാടുവാനവൾ തയ്യാറായി.....
ഇന്നും പ്രതികാരത്തിന്റെ കത്തിജ്ജ്വലിക്കുന്ന
മനസ്സുമായി അവൾ നീങ്ങുന്നു.
ഏകാന്തയായാ കൊച്ചു വയൽവരമ്പത്തു
അവൾ തേടുകയാണൊരു ജീവിതം
കണ്ണുകളിൽ പെയ്തുകൊണ്ടിരിക്കുമീ
മഴയ്ക്കിനി അന്ത്യമെന്ന് ?
അവൾ ഉന്മാദിച്ചു.
ആ കെടാവിളക്കിൽ തൻ സാരിത്തുമ്പുചാർത്തി
ഇതാ ഒരു പെൺജീവൻ പൊലിയുന്നു.
സമൂഹമേ നീയിതിനു സാക്ഷി !

മേഘ. എം. പി



# ROLE OF EDUCATION

*Education is the most powerful weapon. It means acquiring knowledge by learning. The main purpose of education is to open up the mind of students and prepare them to face the world. Nelson Mandela told "Education is the most powerful weapon which you can use to change the world." the famous writer Martin Luther king Jr. also gave a nice quote about 'education'. That is "Intelligence plus character - That is the goal of true education."*

*Role of education in a human life is very important. After getting knowledge how a person thinks, how they face the problems of real life. That is more important than how much knowledge they acquired. In education role of a teacher, we can't forget. A teacher prepares the students reach before him/her to become good human being in the society and good citizens of the country. A child, a teacher,*
*a book, a pen can change the world. Children are God's gifts. Each child is unique and special. All have their own ability. Nobody gets birth with full knowledge. When growing gradually with the help of schooling, teachers they acquire knowledge. Education is the most important wealth. Through education all can earn money. Former American President Roosevelt mentions ones, " A child missed educated is a child lost." Now a days all know the importance of education and sends and does everything they need for their education. But be humble always. Practise self discipline. Fill your mind with good and positive thoughts. Be responsible, Lose the pride. Build your character through good education.*

*Reshma.p.p*
*Teacher*



## ഹായ് പൂമ്പാറ്റ

പൂമ്പാറ്റ നല്ല പൂമ്പാറ്റ
പൂവിലിരിക്കും പൂമ്പാറ്റ
പൂന്തോട്ടത്തിൽ പാറിക്കളിക്കും
പൂന്തേനുണ്ണും പൂമ്പാറ്റ
എന്തൊരു ചന്തം പൂമ്പാറ്റ
പല പല നിറങ്ങളിൽ പൂമ്പാറ്റ

മഹാലക്ഷ്മി

*രണ്ടാതരം*

**നീഹാരം.com**



വര-പ്രസന്നകുമാർ.വി.കെ

*"എല്ലാം മറന്നൊന്നുറങ്ങിയ യാമങ്ങൾ*
*എന്നേക്കുമായസ്തമിച്ചുപോയ്*
*ഇന്നിനി നമ്മിലൊരാളിന്റെ നിദ്രയ്ക്ക്*
*മറ്റേയാൾ കണ്ണിമ ചിമ്മാതെ*
*കാവൽ നിന്നീടണം*
*ഇനി ഞാനുണർന്നിരിക്കാം, നീയുറങ്ങുക"*

# അവൾ പെയ്യുകയായിരുന്നു



ജീവിതം എത്ര മനോഹരമാണ്
ജാലകക്കാഴ്ചകളാൽ സമൃദ്ധവുമാണ്
ജീവിതത്തിന്റെ ഓരോ രാഗങ്ങൾക്കും
കയ്പുനിറയുന്ന ഓർമകൾ കൂടെയുണ്ടാകും
അതെ;ധ്വനിസാന്ദ്രമായ ജീവിതത്തിലേക്ക്
ധാരയായെത്തുന്ന അപസ്വരങ്ങൾ ഏറെയാണ്.
ഒന്നും പ്രതീക്ഷിച്ചതല്ല;ഓർക്കാനാഗ്രഹിക്കുന്നുമില്ല.
മനസിന്റെ ആവലാതികളാൽ ശബ്ദമയമാക്കിയാണ്
മിണ്ടാതെ ആ മുഖം മിണ്ടുന്നത്.
മനസിലെ ഭീതിയെ കണ്ണുകളുടെ നീണ്ട-
മറയ്ക്കുള്ളിൽ അവളൊളിപ്പിച്ചു.
അവൾക്കറിയാമായിരുന്നു തന്റെ ജീവിതത്തെ കരിപുരണ്ട
താക്കാൻ ആരെങ്കിലും കടന്നുവരും എന്ന്.
എന്നാൽ !ഇത്രപെട്ടെന്ന്?
ഭീതിയുടെ പേമാരി നൽകിയ ചൂട്
തന്റെ ദേഹത്തെ ചുട്ടുപൊള്ളിക്കുന്നു.
എന്തുതെറ്റാണ് താൻ ചെയ്തത്
പ്ലാറ്റ്ഫോമിൽ വണ്ടികാത്തിരുന്ന തന്റെ -
നേർക്ക് സ്വന്തം മര്യാദകൾ ലംഘിച്ചവനെ
മുഖം നോക്കാതെ മുഖത്തടിച്ചതോ?
അതെ അതു ഞാൻ ചെയ്തതാണ്.
അന്നു ഞാൻ പെയ്യുകയായിരുന്നു.
ആർത്തലച്ച് മുടിയഴിച്ചാടുന്ന യക്ഷിയെപ്പോലെ.
എന്റെ ശരിയാണ് ഞാൻ ചെയ്തത്.
അത് ഓരോ സ്ത്രീയുടേയും ശരിയാണ്.
എന്നെ നറുക്കാൻ വന്നവന്റെ
തെറ്റ് ഞാൻ ക്ഷമിക്കുകയാണോ വേണ്ടത്
അന്നു രാത്രി പെയ്ത മഴയിൽ
കേരളത്തിന്റെ മനോഭാവങ്ങളിൽ
ഞാൻ തിരുത്തുണ്ടാക്കിവച്ചു.
ഞങ്ങൾ അടിമകളല്ല ;ഞങ്ങൾ പ്രതികരിക്കും
മനുഷ്യന്റെ ചെയ്തികൾക്കെതിരെ
പ്രതികരിക്കുന്ന പ്രകൃതിയുടെ സ്വന്തം
മഴയെപ്പോലെ;കാറ്റിനെപ്പോലെ;കടലിനെപ്പോലെ

ആ മനസ്സിലെ നന്മയിലൂടെ അതിനുള്ളിലെ
അമ്മയെപ്പോലെ.

ജ്യോത്സ്ന.ആർ
9ാംതരം

# കൂട്ടുകൂടാൻ കൂട്ടുകാരൻ

തവിടിശ്ശേരി ഗവൺമെന്റ് ഹൈസ്കൂളിലാണ് ഞാൻപഠിക്കുന്നത്.
നാലാം ക്ലാസിൽപഠിക്കുമ്പോഴാണ് എനിക്ക്ആദ്യമായി ഒറ്റപ്പെടൽ അനുഭവപ്പെട്ടത്.ഒറ്റപ്പെട്ട ദിവസങ്ങൾ ഒരു കൂട്ടുകാരന്റെ അസാന്നിധ്യവും സൗഹൃദത്തിന്റെ തണലില്ലായ്മയുമായിരുന്നുഅത്.
വീട്ടിലും സ്കൂളിലും അസ്വസ്ഥനായിരുന്നു ഞാൻ.സൗഹൃദങ്ങളുടെ കരുതലില്ലില്ലാതെ,മധുരമായ സ്മരണകളല്ലാതെ.ഒരു ഒറ്റ മരം പോലെയായിത്തീർന്നു.മരങ്ങൾക്ക് ചലനമില്ലല്ലോ;അതുപോലെ അഞ്ചലമായ ഒരുപാട് ദിനങ്ങൾ.അങ്ങനെ അവധിക്കാലമെത്തി.
കൂട്ടുകൂടാൻ കൂട്ടിനിരിക്കാൻ ഒരാൾപോലും ഇല്ലാതെ സ്വന്തം വീട്ടിൽ ഒരു പാവയെ പോലെയായി ഞാൻ.രണ്ടുമാസംപെട്ടെന്ന് തീർന്നതു പോലെ.അങ്ങനെ സ്കൂൾ തുറന്നു.അപ്പോഴുംഎന്റെ ഹൃദയത്തിലേക്ക്ആരും ചേക്കേറിയില്ല.പെട്ടെന്ന് ഒരു മന്ത്രജാലം പോലെ ഒരു സ്വപ്നത്തിൽ കണ്ട യാദൃച്ഛികമായ കാഴ്ച.എന്റെ നേർകാണുന്നതുപോലെ,അവനെത്തി.കൂട്ടുകൂടാൻ;കൂട്ടിരിക്കാൻ.
കൂട്ടുക്കാരനായി അവന്റെ മുമ്പിൽ ഒരു അത്ഭുതം പോലെ പ്രത്യാക്ഷപ്പെട്ടു.അതെ അവന്റെ പേരാണ് ശ്രുതിൻ.ഒറ്റപ്പെട്ട എന്റെ മനസ്സിനെ ഒരുപോലെ, ഒത്തിണക്കത്തോടെ അവന് എന്നെ മനസ്സിലാക്കാൻ സാധിച്ച എന്റെ പ്രിയ മിത്രം.
ഇന്ന് ഞാൻ സന്തോഷവാനാണ്.എന്നും എന്തിനും എന്റെ ചങ്ങായി എന്റെ കൂടെയുണ്ട്.ഇപ്പോൾ ഞാൻ ഏകനല്ല.
എപ്പോഴും അവൻ കൂടെയുണ്ട്.

ഋത്വിക്.കെ.പി
IX-STD



# കണ്ണൂരിലേക്ക് ഒരു ഏകദിനയാത്ര

വ്യാഴാഴ്ച്ച  ഞങ്ങൾ സ്കൂളിൽ നിന്നും പഠനയാത്ര പോയി.ചൂട്ടാട്ബീച്ച് ബോട്ടുയാത്രപറശ്ശിനിക്കടവ് ഫോക്ക് ലോർഅക്കാദമി ജമ്പോസർക്കസ്എന്നിവിടങ്ങളിലേക്ക്ആയിരുന്നുയാത്ര.ചൂട്ടാട് ബീച്ചിലേക്കുള്ള ആദ്യ യാത്രയിൽ മാടായിപാറയും ചൈന ക്ലേയുടെ കെട്ടിടവും  ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടു.ബീച്ചിൽ കുറച്ചുസമയമേ ചെലവഴിച്ചുള്ളു. പിന്നീട് ഞങ്ങൾ മാട്ടുൽ ബോട്ട് ജെട്ടിയിലേക്ക് പോയി.വഴിയിൽ കണ്ടൽകാടുകളെ കണ്ടു. മനസ്സ്തണുത്തപ്പോഴാണ് ചൂടുപിടിപ്പിക്കാനായി പരിസരമലിനികരണം കണ്ണിൽപ്പെട്ടത്. പെട്ടത്.ബോട്ട് ജെട്ടിയിലെത്തിയ ഞങ്ങൾ ബോട്ടിൽ പറശ്ശിനിക്കടവിലേക്ക് യാത്രയായി. വെള്ളത്തിൽ മീനുകളുടെ തുള്ളിച്ചാട്ടം കണ്ടപ്പോൾ എനിക്ക് സന്തോഷം തോന്നി. അങ്ങനെ ഞങ്ങൾ പറശ്ശിനിക്കടവിലെത്തി.അവിടെ നിന്നും ഉച്ചഭക്ഷണം കഴിച്ചു. അവിടെയും ഒരു പാട് കാഴ്ചകൾ ഞങ്ങളെ കാത്തിരിപ്പുണ്ടായിരുന്നു. തെയ്യത്തിന്റെ വിഡിയോ  ആയിരുന്നു എന്നെ ഏറെ ആകർഷിച്ചത്. അവസാനയാത്ര  ജംബോ സർക്കസ് കണാനായിരുന്നു. അതുകഴിഞ്ഞ് ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ച് ഞങ്ങൾ വീട്ടിലേക്ക്  മടങ്ങി.....

ആരാധ്യ ജയേഷ്.പി
I- STD

# My hopeless wish

When I think about my past
I get a new spirit to live.
But it exists no longer
When my present shakes my thoughts
And asks me the way to future.
My past was interesting.
My present is interesting.
My past is disturbing.
I don't know how my future will be .
I wish to ask my present hell
Lend me a chance
to go back in my past haven
And enjoy the beauty of life.

Neethu balakrishnan
Teacher



## बारिश

बारिश के तुषार
मन में आ गई
तुम मेरे याद में
आ गई
इस बारिश में
मेरा जीवन तुम्हारी पास था
तुम इस  केरलीय
समाज का
क्रूरता के प्रतीक
तुम्हारी सपना इस बारिश में
टूटना है।
तुम्हारी किताबों के अंतर
एक चिडिया हुआ था?
इस बारिश में चिडिया
के याद में तुम होना?
है!मानव

तुम्हारी अक्रम के प्रतीक

था ये लडकी

उस बारिश में इसकी

सपना से अंत्य था।

तुम एक प्रतीक था।

में काम करना

भावि में तुमको सामना

तुम मेरा मेहनत का प्रतीक था।

इस बारिश में हम

मर गई तुम्हारी याद में

ज्योल्सना. आर



# നേർത്ത ശിലപോലെ

അന്തരീക്ഷത്തിൽ നൂലിഴയിൽ കോർത്തവൾ
പെയ്യുന്ന ഭൂമിയിൽ ഒരു കലലായ്
ഒരു പിടിച്ചോരയായ് ദൂരെയാപ്പെണ്ണവൾ
പെയ്യുന്ന ഭൂമിയിൽ ഒരു കനലായ്
കുസൃതിവികൃതികൾ പാടിനടക്കുമ്പോൾ
നോക്കിനിൽക്കേ അവൾ ഒരു പിടിയായി
ഒരുനൂറുപുഞ്ചിരിയോടൊത്തവൾ ഒരു നൂറു
വിതുമ്പലിൻ പൂക്കളായ്
പെയ്തുവീണവൾ ഭൂമിയിൽ
നേര്ത്ത ശിലപോലെയവൾ
പെയ്യുകയായിരുന്ന ആ പുണ്ണ്യമണ്ണിൽ
കത്തിയെരിയുന്ന സൂര്യനവളെ പിറകോട്ടു നയിച്ച
തണുത്ത ഇളം കാറ്റുകൾ അവളെ
ഊതിക്കെടുത്തി
ഒരു നൂലിഴയിൽ ഒരു മണിമുത്തായ്
പെയ്യുകയായിരുന്ന അവൾ
ജീവിതചിന്തകൾ ഒരു ഭിത്തിയിൽ പതിച്ചെന്ന്
പെയ്യുകയായിരുന്ന അവൾ ഏകാന്ത രാത്രിയിൽ
വിരഹദു:ഖത്തിൽ കുളിർത്തവൾ
പെയ്യുകയായിരുന്ന
അവളുടെ ദുഖമൊരു കെടുതിയായ്
ദൂരേകകന്ന് പോയി
പെയ്യുകയായിരുന്ന ഒരു കനലായ്
നേർത്തശിലപോലെ
പാട്ടിന്റെ താളത്തിൽ ഒരു ലയമായി
അവളുടെ നിമിഷങ്ങൾ  സ്വപ്നങ്ങൾ
തളരുകയായിരുന്ന
ഒരു പിടികണ്ണീർപൂക്കളായ് അവൾ പെയ്തു
അവൾ ആ പെണ്ണ്   വിണ്ണിലെവിടെയോ
ഒരു നറുതേങ്ങലായ് മാഞ്ഞുനീങ്ങി
പെയ്യുകയായീരുന്ന അവൾ ഒരു കനലായ്
നേർത്ത ശിലപോലെ
നേർത്ത ശിലപോലെ

അനാമിക കെ പി

എട്ടാംതരം

# JOURNEY OF LIFE

Life is a journey. The all ways of life is a big way. But some people come to our life and changed our journey. I am talk to you have a journey to the deep of human.

Do you know? I am a fool. Because i lost my path. But the life is not forgot me. I love journey’s in my childhood. I have go to the most famous history, natural and other types of journeys. But in my heart is going to an journey. An unforgettable journey. In the co-workers of my journey is a dog and a parrot. I am going to the in-front of forest. And the heart of the streams. But the journey was going to my truth. I know in the deep of the forest and the song of the nightingale to my truth. I echoed to the sound of forest on my voice. Suddenly she come to my way. She was a 'forest girl'. Yes a very lucky person. She had heart of forest she know the life of the life. But her life is am careless one. She know the smell of the people of city, this is a symbol of our life's death. But i don't have any way to attack her. I loved the girl as my daughter. But the loneliness of my life was don't go to alone. I saved the life of the girl to the bad people and i care the girl to my heart. In the release of this journey in i know about to my life and anything. I feel the beauty of the forest. The heart of forest was not only fear but also fear of love. Past the trees and streams i feel the truth and inspire of a good work and an unforgettable journey to the deep of forest and my life. Yes! Humans are the child of earth. And the life was a beautiful journey.

JYOLSNA.R

IX

# ശാസ്ത്രജാലകം

ശാസ്ത്രംഇന്ന് വളരെ വേഗം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്.ശാസ്ത്രലോകത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന ശാസ്ത്രജാലകം പരീക്ഷയിൽ ഞങ്ങൾ തിരഞ്ഞെടുക്കപ്പെട്ടത് തികച്ചും യാദൃച്ഛികമായിരുന്നു.

നവംബർ 9,10,11 തിയ്യതികളിലായിരുന്നു ഞങ്ങൾ പോയത്.കണ്ണൂർ എസ്. എൻ.കോളേജിലായിരുന്നു ക്യാമ്പ്.പോയപ്പോൾ തന്നെ കുറേ ചേട്ടന്മാരും ചേച്ചികളും ഞങ്ങളെ സ്വീകരിച്ചു.ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസമന്ത്രി കെ.ടി ജലീൽ ആയിരുന്നു.ആദ്യദിനം ബയോളജി ക്ലാസ് ആയിരുന്നു.ദി അമേസിംഗ് വേൾഡ് ഓഫ് ബയോളജി എന്ന പേരുള്ള ക്ലാസിൽ ജീവശാസ്ത്രത്തിലെ അൽഭുതകരമായ ക്ലാസുകൾ കുസാറ്റിലെ പ്രൊഫ. മുഹമ്മദ് ഹതയുടെ നേതൃത്തിലുള്ള ടീം എടുത്തു. രണ്ടാം ദിവസം കെമിസ്ട്രി ദി കിംഗ് ഓഫ് സയൻസ് എന്ന വിഷയത്തിലായിരുന്നു ക്ലാസ്. കോളേജ് ലാബിലെ കെമിസ്ട്രി പരീക്ഷണങ്ങൾ ഞങ്ങളെ വിസ്മയിപ്പിച്ചു. അവസാന ദിനം ഫിസിക്സ് ക്ലാസ് ആയിരുന്നു. പ്രകാശത്തെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ ഞങ്ങൾ മനസിലാക്കി.തുറമുഖ പുരാവസ്തു വകുപ്പുമന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.അതിനുശേഷം ഞങ്ങൾ ബയോളജി, സുവോളജി, ബോട്ടാണിക്കൽ ലാബുകളിൽ പോയി . ഞങ്ങൾക്ക് രണ്ട് കൂട്ടുകാരെയും കിട്ടി ,ശ്രേയയും ആ ൽഫിയയും. അമൂല്യമായ സൗഹൃദങ്ങളുമായി;മറക്കാനാവാത്ത ഓർമകളുമായി ഞങ്ങൾ മടങ്ങി.


**നന്ദന.പി**

**ഒൻപതാംതരം**

## ലഡു

ലഡു ഉരുണ്ടതാണ്.

മഞ്ഞനി റമാണ്.



മധുരമുണ്ട്.
നല്ല സ്വാദുണ്ട്.

## ജിലേബി

ജിലേബി വട്ടത്തിലാണ്.
പലതരം നിറമുണ്ട്.
മധുരമുണ്ട്.
നല്ല സ്വാദുണ്ട്.

## ദോശ

ദോശ വട്ടത്തിലാണ്.
വെള്ള നിറമാണ്.
മധുരമില്ല.
നല്ല സ്വാദുണ്ട്.

അമേയ എൻ.വി

# സ്നേഹിക്കാനൊരു പ്രകൃതി

പണ്ട് പണ്ടൊരു ഗ്രാമത്തിൽ അപ്പുഎന്നൊരുകുട്ടിയുണ്ടായിരുന്നു. ആ കുട്ടിയുടെ മനോഹരമായ രണ്ട് ജീവിതലക്ഷ്യങ്ങളായിരുന്നു വൃക്ഷങ്ങളെസ്നേഹിച്ച് ഒരു മനുഷ്യനെപ്പോലെ കാണുക എന്നതും നന്നായിപഠിക്കുകഎന്നതും. അമ്മൂമ്മ യെയും കൂട്ടിഅവൻ ഗ്രാമത്തിലൂടെ ഒന്ന് ചുറ്റിക്കറങ്ങും,എന്നിട്ട് പക്ഷികളെയും വൃക്ഷങ്ങളെയും ഒന്ന് നിരീക്ഷിക്കും.പക്ഷികൾ എന്താണ് ഭക്ഷിക്കുന്നത്?മരങ്ങളെ എങ്ങനെ സ്നേഹിച്ചു പരിപാലിക്കണം? എന്നൊക്കെ അവന് നല്ലവണ്ണം അറിയാം.അവൻ പ്രകൃതിശക്തികളെ ആരാധിച്ചിരുന്നു.ആ കുട്ടി രാത്രികാലങ്ങളിൽ മുത്തശ്ശിക്കഥകളും ഗാനങ്ങളും കേട്ടുറങ്ങും.രാവിലെ പൂവൻകോഴിയുടെ വിളി കേട്ടുണരും .അങ്ങനെ പ്രകൃതിയോടാട് കൂട്ടായ് നിൽക്കുന്നവനാണ് അപ്പു.അവന് തെയ്യം കാണാൻ വളരെ ഇഷ്ടമാണ്.ഒരിക്കൽ കളരിക്കാൽ ക്ഷേത്രത്തിൽ തെയ്യം കാണാൻ കാഴ്ചകളെല്ലാം കണ്ട് നടന്ന് അവനവിടെ എത്തി.അവനവിടെ എത്തിയാൽ കൊച്ചുകുട്ടികളെപ്പോലെ കളിപ്പാട്ടവും പരതി നടന്ന് സമയം കളയാറില്ല.എല്ലാവരും മടങ്ങുമ്പോൾ ഏതെങ്കിലും ഒരു ചെറിയ സാധന സാമഗ്രിയും വാങ്ങി മടങ്ങും.അവൻ അവിടെ പോകുമ്പോൾ മുത്തശ്ശിയെ മാത്രമേ കൂടെ കൂട്ടാറുള്ളൂ.എല്ലാവർക്കും അവനെ വളരെ ഇഷ്ടമാണ്,കാരണം എന്തെന്ന റിയണ്ടേ കൂട്ടുകാരെ? അവൻ എല്ലാവരേയും സ്നേഹിക്കുകയും അതുപോലെ അവന്റെ കൂട്ടുകാർ അവനെ തിരിച്ച് സ്നേഹിക്കുകയും ചെയ്യുന്നു.അങ്ങനെ അതിസുന്ദരമായ ജീവിതം തന്റെ ലക്ഷ്യങ്ങളിലൂന്നി മുന്നോട്ടുപോവുകയാണ് അപ്പു. സ്വന്തം കാര്യങ്ങൾ സ്വയം തന്നെ ചിന്തിച്ചു ചെയ്യും.അങ്ങനെ അവന്റെ രണ്ട് ജീവിതലക്ഷ്യങ്ങളും പൂർത്തീകരിച്ചുകൊണ്ട് അവൻ അവന്റെ ജീവിതം മുന്നോട്ട് നയിച്ചു.

നിവേദിത.കെ

# സൗഭാഗ്യത്തിന് മുൻപ്

ജീവിതത്തിൻ താളം
നിർണയിച്ച നിമിഷങ്ങൾ.....
പുല്ലാങ്കുഴൽ നാദം മനസ്സിലുണർത്തിയ
മോഹങ്ങൾ......
മാതാവിൻ വിയോഗത്താൽ
തളർന്നുറങ്ങിയ നാളുകൾ
ജീവിത മാർഗമെന്തെന്നറിയാതെ
ദു:ഖിച്ച നാളുകൾ.
അന്ന് തിരഞ്ഞെടുത്ത മാർഗം
പുല്ലാങ്കുഴൽ വായന.
നിർത്തില്ലെന്ന് മനസ്സിലുറപ്പിച്ച്
തുടങ്ങീ ഞാനാ തൊഴിൽ.
ഇല്ലാക്കാശുകൊടുത്ത് ചേർന്നു
പുല്ലാങ്കുഴൽ വായന പരിശീലിക്കാൻ....
സ്ക്രീനിൽ നിറയും ഷോകളിൽ
തുടങ്ങീ പുല്ലാങ്കുഴൽ വായന
അഭിനന്ദനങ്ങൾ തന്നു മനുഷ്യർ
ആയുധമാക്കി ഞാനാ വാക്കുകൾ....
നാണയത്തിനു രണ്ടുവശമെന്നപോൽ
കേട്ടു ഞാനാക്ഷേപങ്ങളും... മറുഭാഗത്ത്...
കാര്യമാക്കേണ്ട നീയെന്നാരോ
മനസിൽ മന്ത്രിച്ചു.
തനിയേ ആർജിച്ച ഊർജം മാത്രം
മനസിൻ ധൈര്യം...
ഒടുവിൽ വന്നെത്തീ നല്ലകാലവും
ഫ്ലാറ്റും കാറും ലക്ഷങ്ങളും.....
സൗഭാഗ്യങ്ങൾ തേടിയെത്തി....
പരിശ്രമം തൻ ഫലം കിട്ടുമെന്ന
കാര്യത്തിൽ സംശയമില്ലാതായ നിമിഷങ്ങൾ.
കൊതിച്ച കാലം വന്നെത്തി
വിശപ്പ് കാണാ നാളുകൾ.
എനിയിന്തിനീ തൊഴിൽ...
ഇനിയുള്ള പത്ത് തലമുറകൾക്കായി
സമ്പാദിച്ചില്ലേ ഇന്ന് ഞാൻ....
വലിച്ചെറിഞ്ഞു പുല്ലാങ്കുഴൽ
ഇന്നെനിക്കു ഭാരമായ് തീർന്ന പുല്ലാങ്കുഴൽ.

ആതിര.ടി.എം

സ്വപ്നം

സ്വപ്നങ്ങളില്ലാത്ത രാത്രിയാണിന്നെന്റെ സ്വപ്നം.
സ്വപ്നങ്ങൾ മാത്രമാണിന്നെന്റെ നിദ്രകൾ.
സ്വപ്നങ്ങൾ തന്നെയാണെന്റെയസ്വസ്ഥതകൾ സ്വാസ്ഥ്യവും
ഇടമുറിയാതെയൊഴുകും പുഴപോലെ
ഒന്നിനു പിന്നാലെയടുത്ത കിനാക്കളും
ചിലപ്പോൾ മെലിഞ്ഞും ചിലപ്പോൾ തുടുത്തും
ചിലനേരമാഴത്തിൻ ശാന്തത കാട്ടിയും
ഭ്രാന്തമായി ചില നേരം കുത്തിയൊഴുകിയും
സ്വപ്നങ്ങൾ എൻ നിദ്രയിൽ ചുഴികളായി ചുറ്റുന്നു.
ഒരു ഞൊടിയിതതെന്നെയും കൈപിടിച്ച-
ന്യമാം ദേശങ്ങളിലേക്കുർന്നിറങ്ങും
ഭൂമിയിലെങ്ങും തെളിയാത്ത വിസ്മയദൃശ്യങ്ങൾ
കൺമുന്നിൽ വാരി വിതറുന്നു.
പുലർക്കാലമഞ്ഞേറ്റു കുളിരുന്ന പൂവുപോൽ
മനസ്സിന്റെ ദളങ്ങളാർദ്രമാകും.
മറു ഞൊടിയിലതെല്ലാമിരുൾ വന്നു മൂടും
കട്ടിയിരുട്ടിലൊരായിരം രൂപങ്ങൾ കണ്ടു.
സ്വപ്നങ്ങളില്ലാത്ത രാത്രിയാണിന്നെന്റെ സ്വപ്നം.
സ്വപ്നങ്ങൾ മാത്രമാണിന്നെന്റെ നിദ്രകൾ.



മാളവിക.എം

VII

## മഴവില്ല്



കൊടിയ വേനലിൽ ഉച്ചനേരം
ചന്നം പിന്നം മഴപെയ്തു.
വെയിലും മഴയും ഒന്നിച്ചപ്പോൾ
കൂട്ടുകാർ കളിയും ചിരിയും മഴയത്തായ്
മഴകഴിഞ്ഞു കിഴക്കു ദിക്കിൽ
മാരിവില്ലൊന്നു തെളിഞ്ഞു വന്നു
മഴവില്ലങ്ങനെ നോക്കി നിന്നു
നേരം പോയതറിഞ്ഞില്ല.

നയന ടി.വി
**ഏഴാം തരം**

# അരിമണിയുടെ ആത്മകഥ



ഞാൻ വയലിലാണ് ജനിച്ചത്. എന്നെപ്പോലെ കുറേ പേരുണ്ടായിരുന്നു. കിളച്ചുമറിച്ച വയരായത് കൊണ്ടും വെള്ളവും വളവും കിട്ടിയതുകൊണ്ടും ഞങ്ങൾ തഴച്ചുവളർന്നു. ഞങ്ങളുടെ ഇടയിൽ പുല്ല് മുളച്ചപ്പോൾ കർഷകർ വന്ന് അവയെല്ലാം പറിച്ചു കളഞ്ഞു. അതുകൊണ്ട തന്നെ ഞങ്ങൾ അരോഗ്യത്തോടെ വളർന്നു, കീടങ്ങൾ ഒന്നും ഞങ്ങളെ ഉപദ്രവിച്ചില്ല. രണ്ട് മൂന്ന് മാസം കഴിഞ്ഞപ്പോൾ ഞങ്ങളുടെ നെൽമണികൾവിളഞ്ഞ്.കൊയ്ത്ത് യന്ത്രം വന്ന് ഞങ്ങളെ കൊയ്ത് മെറിച്ചെടുത്തു. യന്ത്രത്തിലൂടെ കടന്നു പോകുമ്പോൾ എന്തൊരു വേദനയായിരുന്നെന്നോ ? കണ്ണുനീർ വരാതെ ഞങ്ങൾ കുറേകരഞ്ഞു. നന്നായി ഉണക്കിയ ശേഷം ഞങ്ങളെ ചാക്കിൽ കെട്ടിവച്ചു. പിന്നീട് പുഴുങ്ങി കുത്തി അരിയാക്കി. ചാക്കിൽ നിറച്ച ഞങ്ങളെ ലോറിയിൽ കയറ്റി പലസ്ഥലങ്ങളിലേക്കും കൊണ്ടുപോയി. ഓരോരോ സ്ഥലത്തായി ഞങ്ങളെ ഇറക്കി അങ്ങനെ ഈറോഡിലൂടെ ലോറിൽ പോകുമ്പോൾ ചാക്കിൽ നിന്ന് തെറിച്ച് വീണ് ഞങ്ങൾ ഇവിടെയെത്തി

നേദിക ടി

# ആ നാദം

ആ നാദമായിത്തീർന്ന ഓടക്കുഴൽ
എന്റെ ജീവിതത്തിലെ പ്രകാശമായിരുന്നു.
അറിയാതെ മീട്ടുന്ന വേണുനാദം
എൻ ഹൃദയത്തിന്റെ നോവായിരുന്നു.
ആ പുല്ലാങ്കുഴൽ നാദം
എന്റെ മനസ്സിന്റെ ദുഃഖം തിരിച്ചറിയുന്നു.
സ്നേഹത്തിന്റെ ആഴങ്ങളിൽ
ഒരു കടലായ് കൂടെയുണ്ടായിരുന്നു.
നഷ്ടപ്പെട്ട എന്റെ മുരളി
എന്റെ ജീവിതത്തിലൂടെ ഞാൻ തിരിച്ചെടുക്കും



ശ്രുതി വി. പി
**പത്താം തരം**

# ആര്.....? എന്തിന്......?

കണ്ണുതുറന്നപ്പോൾ അവൾ കണ്ടത് ഇരുട്ടിന്റെ ഭീകരതയെ....
ഇരുളിലാണ്ട ഇടവഴിയിലൂടെ വീണ്ടും മുന്നോട്ട് നടന്നു. എവിടെനിന്നോ ചില കാലൊച്ചകൾ ആരാണ്.... സ്കൂളിൽ കഥാരചനാമത്സരത്തിന് പങ്കെടുത്തിരിക്കുകയാണ് അമ്മു.തന്റെ ഇന്നത്തെ സ്വപ്നത്തേയാണ് അവൾ എഴുതുന്നത് പക്ഷെ എത്ര ചിന്തിച്ചിട്ടും ആ സ്വപ്നത്തെ അവൾക്കോർത്തെടുക്കാനാവുന്നില്ല. അവൾ വീണ്ടും എഴുതിത്തുടങ്ങി ആ കാലാച്ചകൾ അവളെ ഭയപ്പെടുത്തി. ആരോ പിന്തുടരുന്നുണ്ട് മെല്ലെ മെല്ലെ കുറേപേർ അവൾ പിന്നാലെ ഓടി സർവക്തിയുംമെടുത്ത്അവൾ ഓടാൻതുടങ്ങി. ഒടുവിൽ ഓർത്തെടുക്കാൻ പറ്റാത്ത ആ സ്വപ്നം ഒരു സ്വപ്ന കഥയാക്കി അവൾ മാറ്റി. കഥയെഴുതി പുറത്തു വന്നിട്ടും അവളെ ആ സ്വപ്നം വല്ലാതെ ചിന്തിപ്പിച്ചു. ആ സ്വപ്നത്തിൽ കണ്ട കുട്ടി ഞാനാണോ.... അല്ലെങ്കിൽ ആരായിരിക്കും എന്റെ പിറകെ ഓടിയതാരായിരിക്കും.... എന്തിനായിരിക്കും.... ആര്.... എന്തിന്.... ഈ ചോദ്യങ്ങൾ അവളെ ചിന്തിപ്പിച്ചു കൊണ്ടേയിരുന്നു.

അനുശ്രീ.സി

**7ാം തരം**

## മഴക്കാലം



എടുക്കാതിരിക്കാനെനിക്കാവതില്ലേ
മഴക്കാലമല്ലേ.....മഴക്കാലമല്ലേ.....
പുത്തൻ കുട എടുക്കാതിരിക്കാൻ
എനിക്കാവതില്ലേ.....എനിക്കാവതില്ലേ.....
മണ്ണും മനസ്സും കരിച്ചൊരു വേനൽ
ആർത്തിരമ്പി കുതിക്കുന്ന വർഷത്തിൽ
പടയൊരുക്കം കണ്ടു ഭയന്നു പിൻമാറവെ
ആഞ്ഞു വീശുന്ന കാറ്റും,പൊട്ടിത്തെറിക്കുന്ന ഇടിയും
താങ്ങുവാനാകാതെ മാളങ്ങൾ തേടവേ
മണ്ണു കുളിർപ്പിച്ച് മനസ്സു കുളിർപ്പിച്ച്
മഴയീ മണ്ണിൽ രൗദ്ര താളം തുടങ്ങവെ
ഈ നൃത്തമെൻ മെയ്യിലേറ്റു വാങ്ങാൻ
വീടിൻ മറവിട്ടു ഞാൻ പുറത്തേക്കു കുതിക്കവെ
കുടയുമായമ്മ എത്തവെ
എടുക്കാതിരിക്കാൻ എനിക്കാവതില്ലേ
മഴക്കാലമല്ലേ.....മഴക്കാലമല്ലേ.....

മായാലക്ഷ്മി. കെ . യു
**ഏഴാം തരം**

# True Friends

Once upon a time there was a village called Ramanadu. Ramanadu is a big village there are so many rich people and poor people. Ramanadu have a beautiful river. In that river side a poor man's family is living there. His name is Ramanunni. Everyone calls him Ramu. His house is so small. A little bit of the house there is a rich man's house, his name was Mathew. He always make fun of Ramanunni, because of difference of house size. Ramu is alone in the house. He don't have a job. On the other side of the day the rain began to fall, heavy rain. The river began to fill. After sometime the flow in the river was strengthened. Started to get into the house of Ramu. His neighbour's houses half way is fall of water. Ramu called Mathew "*Mathew lets go to the top of the hill*". Mathew said ok. They went to the hill. Then they saw a cave and goes to the cave. And sat down. Ramu brought a candle with him and lightened it. He talks so many matters. Soon they become friends. Rain was stopped. They goes down to own house. Ramu had a bed see in there, the house were totally perished. Suddenly Mathew called Ramu "Ramu come over here". Ramu goes to Mathew's house and asked "*why did you called me Mathew*?" Mathew replied "*we are friends now. You can stay at my house from now on, this is our house*". Ramu replied "*thank you. You are a good friend".*

**ADARSH K S**
STD : X





# വൃദ്ധരെ സ്നേഹിക്കുക

ഇന്നുകേരളത്തിൽ അനേകം വൃദ്ധസദനങ്ങൾ പ്രവർത്തിച്ചു വരുന്നു. പകൽ വീടുകളെന്നപേരിൽ പ്രവർത്തിക്കുന്ന ചില സാന്ത്വന കേന്ദ്രങ്ങളും വൃദ്ധജനങ്ങൾക്ക് അഭയമേകുന്നു.മുമ്പ് ഇങ്ങനെയൊരു സങ്കല്പംപോലും മലയാളി സമൂഹത്തിനുണ്ടായിരുന്നില്ല.കൂട്ടുകുടുംബങ്ങൾ അണുകുടുംബ- ങ്ങളായതും.ഭാര്യഭർത്താക്കന്മാർ ഒരുമിച്ച് വേറെ വീടെടുത്ത് കഴിയുന്നതും എല്ലാമാണ് വൃദ്ധജനങ്ങൾ ഒറ്റയ്ക്കാകാൻ കാരണമായത്.

ജന്മം നൽകി വളർത്തിവലുതാക്കി പഠനവും ജോലിയുമൊകെ നേടിതന്ന അച്ഛനമ്മമാരെ പരിവാലിക്കാൻ ജോലിത്തിരക്കുകൾ തടസ്സമാകുന്നു എന്നുപറഞ്ഞാൽ അതിനർത്ഥം അവരെ ഒഴിവാക്കാൻ ഒരുന്യായം കണ്ടെത്തുന്നു എന്നുമാത്രമാണ്. ഇപ്പോഴത്തെ തലമുറയ്ക്ക് തീരെ ഇല്ലാത്ത ഒരുപദമാണ് സ്നേഹം. രോഗിയും ക്ഷീണിതയുമായ മാതാവ് രാത്രിയിൽ ഓരോആവശ്യത്തിനും വിളിക്കുമ്പോൾ മക്കൾക്ക് ഇഷ്ടപ്പെടാത്തത് തങ്ങളുടെ ഉറക്കം തടസ്സപ്പെടും എന്ന് ഓർത്തിട്ടാണ്. ഇത് സ്വാർഥതയാണ്. അച്ഛനമ്മമാരെ കാരണങ്ങളുണ്ടാക്കിയോ അല്ലാതെയോ വൃദ്ധസദനത്തിൽ കൊണ്ടാക്കുന്നത് തങ്ങളുടെ ചെറിയസുഖസൗകര്യങ്ങൾ പോലും മതിയാവാത്തുകൊണ്ടാണ്. പരിഹാരമില്ലാത്ത പാപമാണ് വൃദ്ധരോടുകാട്ടുന്നത്. വൃദ്ധർകുട്ടികളെപ്പോലെയാണ് പരിചരണവും സ്നേഹവും അവർക്ക് വേണം.

മാതാപിതാക്കളെ വൃദ്ധസദനത്തിലാക്കുന്ന മക്കൾ ഒരുകാര്യം തീരെ ഓർക്കാറില്ല. തങ്ങൾക്കും ഒരുകാലത്ത് ഇങ്ങനെ തന്നെ വരുമെന്നും അന്ന് തങ്ങളുടെ മക്കളും ഇതുതന്നെയാവും ചെയുക എന്നതും. അവരെ കുറ്റം പറയാനാവില്ല. അവർക്കു മാതൃക അവരുടെ മാതാപിതാക്കൾ തന്നെയാണല്ലോ. വൃദ്ധസദനത്തിലൊന്നും കൊണ്ടുവിടാതെ പരിപാലിക്കാം.

ആകാശ്.കെ
ആറാം തരം

# നന്മയുടെ സമ്മാനം

മണ്ണിന്റെ മണമറിയുന്ന ഒരു ഗ്രാമം. ആ ഗ്രാമത്തിൽ ഒരു പാവപ്പെട്ട നെയ്ത്തുകാരൻ ജീവിച്ചിരുന്നു. അവന്റെ പേര് രാമു എന്നായിരുന്നു. ഓലമേഞ്ഞ വീടായിരുന്നു അവനുണ്ടായിരുന്നത്. രാമുവിന് ഈശ്വര വിശ്വാസം കൂടുതലായിരുന്നു. എന്നെങ്കിലും തന്റെ കഷ്ടപ്പാട് ഈശ്വരൻ മാറ്റിത്തരും എന്ന് അവൻ വിശ്വാസിച്ചിരുന്നു.

അങ്ങനെയിരിക്കെ മഞ്ഞുകാലം വരവായി . ഒരു ദിവസം അവൻ നെയ്ത ഒരു പുതപ്പും പുതച്ച് പുറത്തേക്ക് പോവുകയായിരുന്നു. അപ്പോൾ വഴിയരികിൽ ഒരു വൃദ്ധൻ രാമുവിനോട് പറഞ്ഞു. നീ പുതച്ചിരുന്ന ആ പുതപ്പ് ഒന്ന് തരാമോ? അവന്റെമനസ്സിൽ സങ്കടം തോന്നി. ഇത് വിറ്റുകിട്ടുന്ന പണം കോണ്ടാണ് ഞാൻ ഭാര്യയ്ക്കും മകൾക്കും ഒരു പൊതി ചോറു കോട്ടുക്കോണ്ടത്. എന്നാല് സാരമില്ല.ഈ പുതപ്പ് കൊടുക്കാം. വൃദ്ധൻ ആ പുതപ്പ് പുതച്ച് അവിടെ നിന്നും പോയി.

ഇനി എങ്ങനെ ഞാൻ വീട്ടിലേക്ക് പോകും?വിശന്നു വലഞ്ഞിരിക്കുന്ന എന്റെ മക്കളുടെ മുഖം കാണാൻ വയ്യ. രാമു ഒരു മരത്തണലിൽ വിഷമിച്ചിരുന്നു. രാമുവിനെ കാണാത്തതിനാൽ നാട്ടുകാർ അവനെ അന്വേഷിച്ച് നടന്നു. അവസാനം രാമുവിനെ കണ്ടെത്തി അവനേയും കൂട്ടി നാട്ടുകാർ വീട്ടിലെത്തി. സന്തോഷമുള്ള തന്റെ ഭാര്യയേയും മക്കളേയും കണ്ടപ്പോൾ അവനൊന്നുഞെട്ടി. ഭാര്യ പറഞ്ഞു ഒരു വൃദ്ധൻ ഇവിടെ വന്ന് ഞങ്ങൾക്ക് വയറു നിറച്ച് ആഹാരം തന്നു രാമുവിന് ആതിശയമായി അവന് മനസ്സിലായി താൻ വഴിയിൽ വച്ച് കണ്ട ആ വൃദ്ധൻ ഈശ്വരനായിരുന്നു. തന്നെ പരീക്ഷിച്ചതായിരുന്നു. അവന് സന്തോഷമായി അങ്ങനെ അവന്റെ കഷ്ടപ്പാടുകളൊക്കെ മാറി. സന്തോഷത്തോടെ ജീവിച്ചു.

നിരഞ്ജന പി
മൂന്നാം തരം

# മാതൃത്വം

കോരിച്ചൊരിയുന്ന മഴയാണ്
സമയം രാത്രിയായപ്പോൾ
അങ്ങ് അകലെ നിന്നും ഒരു കൊച്ചു തേങ്ങൽ
കേൾപ്പുഞാൻ...........
ഇരുട്ടിലാണ്ട ഇടവഴിയിലൂടെ
മുന്നോട്ട് നടന്നപ്പോൾ കണ്ടത്
ഹോ കഷ്ടം
ആരോ ഉപേക്ഷിച്ചു പോയ ഒരു പിഞ്ചുകുഞ്ഞ്.
ഞാൻ ആ പിഞ്ചോമനയെ
വാരിയെടുത്ത് നെഞ്ചോടുചേർത്തു.
അപ്പോൾ എന്നിലെ മാതൃതത്വം
എന്തോ കൊതിച്ചു.

അക്ഷയശശി
ഏഴാം തരം

# തത്സമയ വിവരണം

മൈതാനത്തിന്റെ ഒത്ത നടുക്കായി 100 മീറ്റർ ഓട്ടമത്സരം നടക്കുകയാണ്.പങ്കെടുക്കാനായി അപ്പു,അഭി,നന്ദു,ഉണ്ണി,മനു,യദു എന്നിവർ നിരന്നു നിൽക്കുകയാണ്.ട്രാക്കിന്റെ ഇരുവശത്തും കുട്ടികൾ ആവേശത്തോടെ കൈയ്യടിക്കുന്നു.ഇതാ മത്സരം തുടങ്ങാൻ പോകുന്നു.എല്ലാ കണ്ണുകളും സ്റ്റാർട്ടിങ്ങ് പോയിന്റിലേക്ക്...ഇതാ മത്സരം തുടങ്ങാനുള്ള വിസില് മുഴങ്ങാറായി.വൺ...ടൂ....ത്രീ....ടപ്പ് അപ്പ് അപ്പ്,അപ്പ് മനു അപ്പ് അഭി ആവേശം കൊണ്ട് കൈയടിക്കുന്നു.അതാ എല്ലാവരും ലക്ഷ്യസ്ഥാനത്തേക്ക് കുതിക്കുകയാണ്...വാശിയോടെ മുന്നേറുകയാണ്.ഇതാ ഇതാ മനു മുന്നേറുകയാണ്. തൊട്ടു പിന്നിൽ നന്ദുവും ഉണ്ട്.മറ്റുള്ളവരും ഒട്ടും വിട്ടുകൊടുക്കില്ല എന്ന വാശിയോടെ മുന്നേറുകയാണ്.ഇതാ ഇതാ മനു മുന്നേറുന്നു. അതാ ട്രാക്കിന്റെ നടുവിൽനിന്ന് അപ്പു മുന്നോട്ടു കുതിക്കുന്നു. അപ്പ്... അപ്പ്... അപ്പു... ആരായിരിക്കും ജയിക്കുക? ഇതാ ഇതാ മനു ഫിനിഷിംഗ് പോയിന്റിലെത്തുന്നു. ഒന്നാം സ്ഥാനം നേടുന്നു.കൈയടി ശബ്ദം ഉയരുന്നു.കാണികൾ മനുവിനെ എടുത്ത് പൊക്കുന്നു.വിജയിക്ക് സമ്മാനം നൽകുന്നു.വിജയിക്ക് സമ്മാനം നൽകുന്ന കാഴ്ചയാണ് ഇപ്പോൾ കാണുന്നത്.

അനശ്വര.പി
നാലാം തരം

# തിരിഞ്ഞുനോട്ടം

പുതുവർഷം വരികയായ്
തിരിഞ്ഞുനോക്കു കൂട്ടരെ
കഴിഞ്ഞവർഷമെങ്ങനെ
ഗജയും പ്രളയവും
ദുരിതം തന്ന വർഷമാ
ജാതിയല്ല മതമല്ല
മനുഷ്യരാണ നമ്മളെന്ന
പാഠം തന്ന വർഷമാ

വെള്ളമങ്ങുപോയപ്പോ
നമ്മൾ പഴയ പടി തന്നെ
അടിപിടി സമരം ഹർത്താൽ
ശബരിമലയെ ചൊല്ലി നാം
മനുഷ്യരല്ലാതായി നാം
മറന്നുപോയിയെല്ലാം നാം
പുതുവർഷം വന്നാലോ?
നവോത്ഥാനം വന്നാലോ?
മനുഷ്യരായി വസിക്കുമോ?

ദൃശ്യദാസ് എ വി
അഞ്ചാംതരം

# മൃദുരാഗം

സംഗീതാരവം മുഴക്കി എന്റെ മനസ്സിൽ
താളഭാവങ്ങളുണർത്തിയ നീ
എന്റെ മനസ്സിനെ ത്രസിപ്പിക്കുന്ന
രാഗം പാടിയ ഓടക്കുഴലേ

പാട്ടിന്റെ പാലാഴിയായി;വാതിൽ തുറന്ന്
ജനങ്ങളിൽ എത്തിയ നീ
എന്നും നാദത്തിലൂടെ വിജയം നേടിയ നീ

ഇന്നെന്തേ ഈ തെരുവിലെത്തി?

നിന്നെ തെരുവിലെത്തിച്ചവരാരെല്ലാം?
എന്നെ വേണ്ടാത്ത ദുഷ്ടന്മാർ

ഹൃദയം തന്ന് സ്നേഹിച്ചവർ;

സ്വപ്നം കാണാൻ പഠിപ്പിച്ചവർ;
നിന്റെ സ്വപ്ന സാഫല്യത്തിനായ്
കൂടെ നിന്നവർ

ഇന്ന് നിന്നെ ഓടയിലെത്തിച്ചവർ;

അതെ! അവരാണ് ഈ സമൂഹം.
ഒരുനാൾ നിന്നെ മധുരമായി കണ്ടവർ

ഇന്നിതാ നിന്റെ കയ്പ്പ് കാണാനാഗ്രഹിക്കുന്നു.
വിവേകമില്ലാത്ത ഈ മനുഷ്യരുടെ

സ്ഥിതി ഭയാനകം തന്നെ....

ആര്യ.ടി.പി
VIII

# प्रकृति हमारा माँ



प्रकृति हमारा माँ है।
पेड़ हमारा दोस्त है।
प्रकृति माता हरा कपड़ा पहनकर
हमको शुध्दवायू देती है।
हमारा दुख में प्रकृति हमारा साथ है।
और प्रकृति हमारा जीवन है।
हरा भरा प्रकृति कितना सुंदर है।
चिडियों को शब्द बहूत मनोहर है।
सूर्य एवं चंद्र भूमी का मनोहर लेता है।

वर्षा. एम. वी
IX

# मेरा देश - *-अभय*

*मेरा देश,मेरा देश*
*सब है यहाँ जगमग तारा*
*मेरा देश,मेरा देश*
*सब एक है यहाँ*
*मेरा देश,मेरा देश*
*अलग वेश-भूषा है यहाँ*
*मेरा देश,मेरा देश*
*सब हाथ पकडना है यहाँ*
*मेरा देश,मेरा देश*

# കർണാടകയിലേക്കൊരു തീർഥയാത്ര

അതിരാവിലെ തന്നെ പുറപ്പെട്ടു. കർണാടകയിലേക്ക് ഒരു യാത്ര ആദ്യമായാണ്.അമ്മയുടെ കുടുംബത്തിൽ നിന്നാണ് യാത്ര.ചേട്ടനും അനുജന്മാരും അച്ഛാച്ഛന്മാരും മേമമാരും തുടങ്ങി നാൽപ്പതോളം പേർ ബസ്സിലുണ്ട്. അതിൽ ചിലരെ ആദ്യമായാണ് ഞാൻ കണ്ടത്.

കുറേ ദൂരം പിന്നിട്ടപ്പോൾ കുറേ അന്യസംസ്ഥാനക്കാർ ! അപ്പോൾ മനസ്സിലായി സ്ഥലം കർണാടകയാണെന്ന്.ആദ്യം തന്നെ പോയത് സുബ്രഹ്മണ്യക്ഷേത്രത്തിലാണ്.അവിടെ നിറയെ പശുക്കൾ. അതെന്താ അവിടെ നിറയെ പശുക്കൾ? എന്ന് ഞാനന്വേഷിച്ചു.അതവിടത്തെ ഒരാചാരമാണ്. പശുക്കളെ അവർ അമ്മയായി കണക്കാക്കുന്നു. അമ്പലത്തിലെ ഭക്ഷണം നമ്മുടെ നാട്ടിലുള്ളതുപോലെയല്ലതികച്ചും വ്യത്യസ്തം . പിന്നെ അവിടെ നിന്നും തിരിച്ചു.വഴിയിൽ വലിയ സ്ഥലം പുൽമൈതാനം പോലെ ,അവിടെ പശുവിനേയും കാളകളേയും മേയ്ക്കുന്നു.

എല്ലാവരുടേയും വേഷം വ്യത്യസ്തമാണ്. ഒരമ്മമ്മയുടെ വേഷമാണിത്:കാലിൽ ചെരുപ്പില്ല, വലിയ കമ്മലുകൾ, കഴുത്തിൽ മുത്തുമാലകളും കൈയ്യിൽ കുപ്പിവളകളും കൊണ്ട് നിറഞ്ഞിരിക്കുന്നു.പിന്നെ ഒരു പ്രത്യേകതരം സാരിയും.

ഒരു ക്ഷേത്രത്തിൽ ബോധേശ്വരന്റെ വലിയ ഒരു നഗ്നമായ പ്രതിമ.ആദ്യമെനിക്ക് തമാശയായാണ് തോന്നിയത് പിന്നെ ഓർത്തു ആ

ശില്പിയുടെ നിർമ്മാണവൈഭവം.

രാത്രി ഒരു ബംഗ്ലാവുപോലുള്ള വീട്ടിലാണ് താമസിച്ചത്.എല്ലാ റൂമിലും ഏ.സി വലിയ ടി.വി രാത്രിയിലെ ഭക്ഷണം ചപ്പാത്തിയും ചിക്കൻ കറിയുമായിരുന്നു.പച്ചനിറത്തിലുള്ള ചിക്കൻകറി!ആശ്ചര്യം തന്നെയായിരുന്നു അത്. വീടിന്റെ കുറച്ചകലെ തീവണ്ടി പോകുന്നു.

രാവിലെ പോയി മൂകാംബികക്ഷേത്രത്തിൽ.ശ്രീരാമന്റെയും സീതാദേവിയുടേയും ലക്ഷ്മണന്റെയും ഹനുമാന്റെയും അനേകം ചിത്രങ്ങൾ അമ്പലത്തിൽ വരച്ചിരിക്കുന്നു. അവിടെ നിന്ന് ഭക്ഷണം കഴിച്ചു നല്ല ഭക്ഷണം.

പിന്നെ പോയത് മുരുടേശ്വരത്തേക്കാണ്.ദൂരെ നിന്നു തന്നെ ഞാൻ ഒരു വലിയ ശിവപ്രതിമ കണ്ടു.ഏകദേശം ഒരു പത്ത് നില കെട്ടിടത്തിന്റെ ഉയരം. പ്രതിമയുടെ ഉള്ളിൽ നമ്മൾ ചെന്നു ശിവന്റെ കഥകൾ മനസിലാക്കാൻ സന്ദർഭാനുസൃതമായ ചിത്രങ്ങൾ,ശബ്ദങ്ങൾ.

പണ്ട് സുനാമി വന്നപ്പോൾ ആ പ്രതിമയുടെ കഴുത്തോളം വെള്ളം കയറിയിരുന്നു എന്നാണ് പറയപ്പെടുന്നത്.അമ്പലത്തിൽ കയറി നല്ല വിശാലമായ അമ്പലം.പിന്നെ കടലിൽ ബോട്ട് സവാരി നടത്തി. അങ്ങനെ ആർത്തും ഉല്ലസിച്ചും വീട്ടിലേക്ക് മടങ്ങി.

ഈ യാത്രയിൽ എനിക്കു മനസിലായി എല്ലാസ്ഥലങ്ങളിലും ഒരേ ഭാഷയും വേഷവും ആചാരങ്ങളുമല്ലെന്ന്.ഇത്തരം അറിവുകൾ എനിക്ക് യാത്രയിലൂടെ ലഭിച്ചു.

സമ്യക് വിജയൻ
*VII-STD*

# ഒരു സൈലന്റ് വാലി യാത്ര

2019 ജനവരി3,4,5 തീയ്യതികളിലായി തവിടിശ്ശേരിസ്കൂളിൽ നിന്നും സൈലന്റ് വാലിയിലേക്ക് ഒരു ക്യാമ്പിൽ പങ്കെടുക്കാൻ തീരുമാനിച്ചു. ഹെഡ്മാസ്റ്ററായ ടി.എസ്.ഉണ്ണിമാസ്റ്ററുടെ നേതൃതത്തിൽ സരിതടീച്ചർ,സരിതമോൾടീച്ചർ സതീശൻ മാസ്റ്റർ,നമ്മുടെ സ്കൂളിൽ പ്യൂണായി ചാർജേറ്റെടുത്ത അരുണേട്ടനുംഏകദേശം 42 കുട്ടികളും മൂന്നാം തീയ്യതി രാത്രി 9.15 ന് ലക്ഷ്മണേട്ടന്റെ കടയുടെ അടുത്തുനിന്നും "ചേട്ടായീസ്" എന്ന ബസ്സിൽ ഞങ്ങൾ യാത്ര പുറപ്പെട്ടു.

തണുത്തുറഞ്ഞ മഞ്ഞുകാലമായതിനാൽ സ്കാർഫും തൊപ്പിയും ആവശ്യമായ സാധനങ്ങളുമെല്ലാം കരുതിയാണ് ഞങ്ങൾ യാത്രപുറപ്പെട്ടത്. ബസ്സിൽ കയറിയതിനുശേഷം ഞങ്ങൾ ഉണ്ണിമാസ്റ്ററെ തിരക്കി,പക്ഷേ കണ്ടില്ല.ബസ്സ് മുന്നോട്ടുപോകവെ പിലാത്തറ സ്റ്റോപ്പിലെത്തിയപ്പോൾബസ്സ് ഒന്ന് നിർത്തി.ഡോർ തുറന്നതാ ഉണ്ണിമാസ്റ്റർ ബസ്സിലേക്ക് കയറുന്നു.പിന്നീട് ബസ്സിൽ പാട്ടുവച്ചിരുന്നു. ശ്രീനന്ദ് ആകട്ടെ ഡാൻസ് കളിക്കുകയായിരുന്നു.ഞാനെന്റെ ഉറക്കംതൂങ്ങിയ കണ്ണുകൾകൊണ്ട് ആ ഡാൻസ് ആസ്വദിക്കുകയായിരുന്നു.

4-ാം തീയ്യതി രാവിലെ 6 മണിക്ക് സൈലന്റ് വാലിയിലെത്തി.7 മണിക്ക് ഒരാൾ ഞങ്ങളെക്കൂട്ടിക്കൊണ്ടുപോയി റൂമിലാക്കി.8.30 ആകുമ്പോഴേക്കും ഞങ്ങൾ കുളിച്ച് തയ്യറായി. പിന്നീട് കട്ടൻകാപ്പിയും കേക്കും കഴിച്ചു. കുറച്ചുകഴിഞ്ഞതിനുശേഷം റവയുപ്പ്മാവുംചായയും കിട്ടി.അതുനമ്മൾ ആസ്വദിച്ചുകഴിച്ചു. പിന്നീട് കാട്ടിൽ പോയി. അവിടുന്ന് കുന്തിപ്പുഴകാണാൻ സാധിച്ചു.പിന്നീട് ഞങ്ങൾ ഏകദേശം രണ്ടുകുന്നുകളോളം കയറി.എന്തൊരുതളർച്ചയായിരുന്നു!കുറച്ച്കഴിഞ്ഞു. പിന്നീട് ഉച്ചയൂണ് കഴിച്ചു. പലതരംകറികളായിരുന്നു.നല്ല സ്വാദമുണ്ടായിരുന്നു. അതിനുശേഷം അട്ടപ്പാടിയിലേക്ക് പോയി. അട്ടപ്പാടിയിലേക്ക് പോകുന്നവഴികുറെ കുരങ്ങുകളുണ്ടായിരുന്നു. ഞങ്ങൾ ഭവാനിപ്പുഴ കണ്ടു. ആ ദിവസം നല്ല രസമായിരുന്നു. അടുത്ത ദിവസവും വളരെ രസകരമായിരുന്നു.

5ാംതീയതിഞങ്ങൾസ്കൂളിലേക്ക്തിരിച്ചുവരുമ്പോൾമലമ്പുഴ ഡാമിൽ കയറി. അവിടുന്ന്റ്രോപ്പിൽ കയറിയിരുന്നു. ഞങ്ങൾകുറെനേരംപാർക്കിൽകളിച്ചു. പിന്നീട് ബസ്സിൽ കയറി.സിംഹവാലൻ കുരങ്ങുകളെയും മറ്റു മൃഗങ്ങളെയുംകാണാൻ ആഗ്രഹിച്ചിരുന്ന എനിക്ക് മൃഗങ്ങളെ കാണാനയില്ല.അത് എന്നെ വളരെയോറെ വിഷമിപ്പിച്ചകാര്യം.എനിക്ക് ക്യാമ്പിൽ നിന്നും കുറേ കാര്യങ്ങൾ കിട്ടിയെങ്കിലും എന്റെ പാദസരം അവിടെ നഷ്ടപ്പെട്ടുപോയി.വളരെ സന്തോഷത്തോടും ഉല്ലാസത്തോടും കൂടിയുള്ളൊരുയാത്രയായിരുന്നു എനിക്ക് ലഭിച്ചത്.

നന്ദ ഭാസ്കരൻ

*V B -STD*

# വായനയേകുന്ന ജീവിത താളത്തിനായ്....

ശരീരത്തിന് ഭക്ഷണമെന്നതുപോലെ മനുഷ്യമനസ്സിന് അത്യാവശ്യമായ ഒരു ഘടകമാണ് വായന. വായനയിലൂടെ വാക്കും അർഥവും ആശയവും നാം പകർന്നെടുക്കുന്നു. സാഹിത്യചരിത്രത്തിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ വായനയും ആരംഭിച്ചിരുന്നുവെന്നു പറയാം.രാമായണം,മഹാഭാരതം,ഭാഗവതം തുടങ്ങിയ ബൃഹത്ഗ്രന്ഥങ്ങൾ പഴയ തലമുറയാൽ വായിക്കപ്പെട്ടിരുന്നു. അവയിലെ മഹത്തായ ജീവിതാംശങ്ങൾ സ്വാംശീകരിച്ച് അവർ പ്രചരിപ്പിച്ചിരുന്നു.

അക്ഷരജ്ഞാനം നിഷേധിക്കപ്പെട്ട വലിയൊരു വിഭാഗം പഴയ തലമുറയിലുണ്ടായിരുന്നു. അധ്വാനിക്കാൻ മാത്രം വിധിക്കപ്പെട്ട അവർ ജീവിതത്തിലെ പൊള്ളുന്ന യാഥാർഥ്യം മനോഹരമായ വാമൊഴിയാക്കി തലമുറകൾക്ക് പകർന്നു. വാമൊഴിയായി കൈമാറിയ അത്തരം സൃഷ്ടികൾ നാടൻപാട്ടുകളായി നാമിന്ന് ശേഖരിച്ചിരിക്കുന്നു. അക്ഷരങ്ങളറിയാതെ , അവർ ചൊല്ലിയ പാട്ടുകൾ അർത്ഥഭംഗിയും താളഭംഗിയും തുളുമ്പുന്നവയായിരുന്നു.

തന്റെ ജീവിത പരിസരം തന്നെ വിശ്വസാഹിത്യമാക്കിയ ബഷീർ , പച്ചയായ ജീവിതാനുഭവങ്ങൾ കൊണ്ട് സാഹിത്യലോകം ധന്യമാക്കിയ എം. ടി , അയൽപക്കത്തെ വൃദ്ധയുടെ ആത്മനൊമ്പരം തന്നിലുണർത്തിയ ചിന്തകളെക്കുറിച്ച് പറയുന്ന എസ്. കെ തുടങ്ങിയവർ ഉൾപ്പെടുന്ന മലയാള സാഹിത്യനഭസ്സ് എത്ര സുന്ദരമാണ്. അതിലെ ഓരോ നക്ഷത്രത്തിന്റെ തിളക്കവും നാം വായിച്ചെടുക്കണം. ജീവിതത്തിന് മനോഹരമായ താളം സൃഷ്ടിക്കാൻ ഇവരുടെ രചനകൾക്ക് സാധിക്കും.

ഇന്ന് മലയാള സാഹിത്യ കൃതികൾ എണ്ണം കൊണ്ടും മേന്മ കൊണ്ടും സമ്പന്നമാണ്. പുസ്തകങ്ങളുടെ ബാഹുല്യത്തിനനുസരിച്ച് അവ വായിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. മണിക്കൂറുകളോളം കാൽനട യാത്ര ചെയ്ത് ലൈബ്രറിയിലെത്തി പുസ്തകങ്ങളെടുത്ത് വായിച്ചിരുന്ന ശീലം മലയാളികൾക്കുണ്ടായിരുന്നു. വീട്ടിൽ , വിദ്യാലയത്തിൽ , ഗ്രന്ഥശാലകളിൽ ഇന്ന് പുസ്തകങ്ങൾ ധാരാളം .അവയിലെ വാക്കുകളിലേക്കും അർത്ഥങ്ങളിലേക്കും ആഴ്ന്നിറങ്ങി ആശയമുത്തുകൾ കണ്ടെടുത്ത് വായിക്കുന്നവർ ചുരുക്കം മാത്രം . ടി. വി ചാനലുകളൊരുക്കുന്ന വർണ്ണവിസ്മയപ്രപഞ്ചം മനസ്സിലൊരു മായാപ്രപഞ്ചം സൃഷടിക്കുന്നു. തിരിച്ചറിയാനാകാത്ത വിധം മനുഷ്യൻ പകച്ചുനിൽക്കുന്നു.

വായന കുറയുകതന്നെയാണ്.വിശ്വസാഹിത്യരചനകൾ പലപ്പോഴും അലമാരയിൽക്കിടന്ന് ശ്വാസം മുട്ടുന്നു. പുറം ലോകത്ത് മതവർഗ്ഗീയതീവ്രവാദപ്രവർത്തനങ്ങൾ ശക്തമാകുന്നു. കേരള ജനത സാംസ്കാരികമായി ചുരുങ്ങുകയാണോ? ആശങ്കകൾ ചിലരിലെങ്കിലും ഉയർന്നുവരുന്നു. വായനയുടെ ലോകത്തേക്ക് നാം തിരിച്ചുവരണം. വായനയിലൂടെ നാം മനസ്സിൽ രൂപപ്പെടുത്തുന്ന ദൃശ്യാനുഭവം മറ്റൊന്നിനും നൽകാൻ സാധിക്കില്ല. മനസ്സിനെ താളാത്മകമാക്കി , പരിപക്വമാക്കി വായന മുന്നേറണം. വായന നൽകുന്ന ആഹ്ലാദം ഒരിക്കലും നൈമിഷികമല്ല. ജീവിതത്തിലുടനീളം അതിന്റെ അലയൊലികൾ നിറയും.

വിവരവിനിമയ സാങ്കേതിക വിദ്യയുടെ കടന്നുവരവോടെ നാം സാങ്കേതികപരിജ്ഞാനം ഏറെ ആർജിച്ചിരിക്കുന്നു. അതിന്റെ ഭാഗമായി വികസിച്ചുവന്നതാണ് ഇ-വായന. ഈ രംഗത്ത് സജീവമാകുന്ന ധാരാളം ആളുകളുണ്ട്. ഇ-മാധ്യമങ്ങൾ സമ്മാനിക്കുന്ന നേത്രരോഗങ്ങൾ ഇ-വായനയ്ക്ക് ചെറിയ വെല്ലുവിളി ഉയർത്തുന്നു. വായനയെ വാനോളം ഉയർത്തിയ വായനാകുലപതി ശ്രീ. പി. എൻ . പണിക്കർ വായന പ്രോത്സാഹിപ്പിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ സ്തുത്യർഹ്യമാണ്. അന്ധകാരത്തിലാണ്ടിരുന്ന ഒരു

ജനതയ്ക്ക് അറിവിന്റെ പൊൻവെട്ടം പകർന്ന പി. എൻ . പണിക്കരുടെ ആത്മാർത്ഥസേവനം മലയാളികളെ ഉണർവിലെത്തിച്ചിരുന്നു.

വായനാദിനത്തോടനുബന്ധിച്ച് വിദ്യാലയങ്ങളിലും ഗ്രന്ഥശാലകളിലും മറ്റ് പൊതു ഇടങ്ങളിലും വായനാപക്ഷാചരണ പ്രവർത്തനങ്ങൾ വൻ ആഘോഷമാക്കുന്നു. പിന്നീടോ?ആഘോഷങ്ങൾക്ക് അമിത പ്രാധാന്യം കൊടുക്കുന്നവനായി മലയാളി മാറുമ്പോൾ മറ്റു മൂല്യങ്ങളോടൊപ്പം വായനയിലൂടെ സൃഷ്ടിക്കുന്ന ജീവിത താളവും നഷ്ടമാകുന്നു. നാം എന്തു ചിന്തിക്കണം , പ്രവർത്തിക്കണം എന്നൊക്കെ ചാനലുകളും മൊബൈൽ ആപ്പുകളും തീരുമാനിക്കുന്ന ഇക്കാലത്ത് വായനയുടെ പ്രാധാന്യം വീണ്ടെടുത്തേ മതിയാകൂ.....

# ജീവിതം ഒരു പ്രാർത്ഥന

സന്ധ്യാസമയം. അവൾ തെരുവിലെ നടപ്പാതയിലാണ്. ഒരു ചിറകടി ശബ്ദം കേട്ടു. കഴുകന്മാർ വട്ടമിട്ട് പറക്കുകയാണ്.ബസ് വരുന്നത് നോക്കാതെ മൊബൈലും നോക്കിയിരുന്നതാണ് എല്ലാത്തിനും കാരണം.ആകെ പേടിയാകുന്നു.എന്താണിവിടെ സംഭവിക്കുന്നത്.തല കറങ്ങുന്നത് പോലെ തോന്നുന്നു.വീട്ടിലേക്ക് വിളിക്കണമെങ്കിൽ മൊബൈലിൽ ചാർജുമില്ല.കാട്ടുവഴി താണ്ടുകയല്ലാതെ വീട്ടിലേക്ക് പോകാൻ ഒരു മാർഗവുമില്ല.കറുത്ത കണ്ണുകൾ കാട്ടിലേക്ക് ഇരുളിൽ തെളിയുന്നു. ആരായിരിക്കും അത് ! പിറകിലേക്ക് നോക്കാനെ വയ്യ. അവർ അവളെ പിൻതുടരുകയാണ്.അവൾ സർവ്വശക്തിയും എടുത്ത് ഓടി.ഇന്നു കഥ കഴിഞ്ഞതു തന്നെ.അവളുടെ നടത്തത്തിന്റെ ശക്തി കൂടിവരുകയാണ്.ചരൽ ശക്തിയായി പിന്നോട്ടു തെറിക്കുന്നുണ്ട്.ശബ്ദമൊന്നും പുറത്തു വരുന്നില്ല.അവൾ കല്ല് തടഞ്ഞ് വഴിയിൽ വീണു. അവൾ ഭ്രമത്തോടെ നിരങ്ങി നിരങ്ങി എഴുന്നേറ്റു. അവളുടെ കൈ അവന്റെ കൈയ്യെത്തും ദൂരത്താണ്.

അവൾ കട്ടിലിൽ നിന്നും ഞെട്ടിയെഴുന്നേറ്റു. അവളുടെ ദേഹമാകെ ഇടറുന്നുണ്ടായിരുന്നു. സ്വപനമാണെങ്കിലും.....അപ്പോഴാണ് അവൾ അവളുടെ ഇന്നലകളെ ഓർത്തത്. രാവിലെ എഴുന്നേറ്റയുടനെ പരതുന്ന അവളുടെ മൊബൈലിനെ അവൾ ശപിച്ചു. പ്രകാശം തെളിയുന്ന സ്വപ്നം കാണാനായി അവൾ പ്രാർത്ഥിച്ച് കിടന്നു.

സൂര്യ . കെ

9–ാം തരം

# സമൂഹത്തിന് ഒരു കത്ത്



അകലെ കിനാവിന്റെ ഉമ്മറത്തിണ്ണമേൽ
ഒരു കൊച്ചുനൊമ്പരം പൊട്ടിത്തെറിക്കയായ്
തിരികെട്ടുപോയ വിളക്കിന്റെ മുൻപി-
ലവളറിയാതെ തേങ്ങിക്കരഞ്ഞുപോയ് പലവട്ടം
ഒരുനാൾ വിജന വീഥിയിലൂടവൾ
യൗവനത്തിമിർപ്പിൻ ആടിയുലഞ്ഞപ്പോൾ
കാട്ടാളന്മാർ അവളെ ഇരയാക്കി,
മനം തകർന്നുപോയി കൊച്ചു
പെൺതരിയെ യൗവനത്തിമിർപ്പിലേക്ക്
കൊണ്ടുവരാനാകുമോ ഈ സമൂഹത്തിന് ?
മാനവജാതിയിൽ സ്ത്രീകൾക്കേകുമീ
നോവും മുറിവും ഉണക്കീടാനാകുമോ,
സമൂഹത്തിന് ? മരണക്കിടക്കയിൽ
കിടക്കുമാനേരത്ത് ഇപ്പെരും ക്രൂരത-
യോടു പോരാടുവാനവൾ തയ്യാറായി.....
ഇന്നും പ്രതികാരത്തിന്റെ കത്തിജ്ജ്വലിക്കുന്ന
മനസ്സുമായി അവൾ നീങ്ങുന്നു.
ഏകാന്തയായാ കൊച്ചു വയൽവരമ്പത്തു
അവൾ തേടുകയാണൊരു ജീവിതം
കണ്ണുകളിൽ പെയ്തുകൊണ്ടിരിക്കുമീ
മഴയ്ക്കിനി അന്ത്യമെന്ത് ?
അവൾ ഉന്മാദിച്ചു.
ആ കെടാവിളക്കിൽ തൻ സാരിത്തുമ്പുചാർത്തി
ഇതാ ഒരു പെൺജീവൻ പൊലിയുന്നു.
സമൂഹമേ നീയിതിനു സാക്ഷി !

മേഘ. എം. പി

# ലിറ്റിൽ കൈറ്റ്സ് ടീം -2018-19

